**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4275** **01-07-2024 - ൽ മറുപടിയ്ക്ക്**

**ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021-22, 2022-23, 2023-24 വർഷങ്ങളിൽ ധനകാര്യവകുപ്പ് ഇൻസ്പെക്ഷൻ വിഭാഗം വിവിധ ഓഫീസുകളിൽ നടത്തിയ പരിശോധനയിൽ ഏതെല്ലാം ഓഫീസുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്ന് വിശദമാക്കുമോ; | (എ) | അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (ബി) | പ്രസ്തുത ഓഫീസുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (സി) | ക്രമക്കേട് നടത്തിയവർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (സി) | അനുബന്ധമായി ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

# LAQ 4275
# 2021-22

| ക്രമ നം. | സാമ്പത്തിക വർഷം | പരിശോധന നടത്തിയ വകുപ്പ്/ സ്ഥാപനം. | കണ്ടെത്തിയ ക്രമക്കേടുകളുടെ സംക്ഷിപ്തം. | ക്രമക്കേട് നടത്തിയവർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം |
|---|---|---|---|---|
| 1 | 2021-22 | ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ(**ICFOSS)** | ICFOSS ലെ നിയമനങ്ങൾ സംബന്ധിച്ച സ്പെഷ്യൽ റൂൾ തയ്യാറാക്കുകയോ സർക്കാരിൽനിന്നുള്ള അനുമതി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ജോബ് കൺസൾട്ടൻസി കമ്പനിയിൽ നിന്നും (AVON Facility Management Services) സപ്പോർട്ട് സ്റ്റാഫായി നിയമിച്ചവരെ ക്രമ വിരുദ്ധമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും അവർക്ക് വേതന വർദ്ധനവ് അനുവദിക്കുകയും ചെയ്തു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 2 | 2021-22 | KSRTC ചീഫ് ഓഫീസ് കിഴക്കേക്കോട്ട , തിരുവനന്തപുരം | എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് പൊതുജനങ്ങളുടെ ആവശ്യത്തിലേക്കായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിലെ സാങ്കേതിക പിഴവുകളും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ ഗുരുതരമായ കൃത്യവിലോപവും വീഴ്ചയും ഉണ്ടായതു കാരണം ഉപയോഗ ശൂന്യമായ കെട്ടിടം നിർമ്മിച്ചതിലൂടെ സർക്കാരിനുണ്ടായ 1,39,53,244/- രൂപയുടെ നഷ്ടം വിജിലൻസ് അന്വേഷണത്തിന്റെ കൂടി അടിസ്ഥാനത്തിൽ KSRTC ചീഫ് എഞ്ചിനീയർ ശ്രീമതി.ആർ.ഇന്ദു വിൽ നിന്നും ഈടാക്കുന്നതിനു ശുപാർശ ചെയ്തു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 3 | 2021(11-10-21) | കാഷ്യുവർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (CAPEX) | തോട്ടണ്ടി വാങ്ങിയതിലെ ക്രമക്കേടുകാരണവും, മാനേജിങ് ഡയറക്ടർ സസ്പെൻഷൻ കാലയളവിൽ ഉപജീവന ബത്ത അധികമായി കൈപ്പറ്റിയതുകരണവും കാപ്പക്സിന് നഷ്ടമുണ്ടായി . | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 4 | 2021-22 | **റവന്യൂ വകുപ്പ്, കളക്ട്രേറ്റ്, എറണാകുളം - (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള തുക വിനിയോഗം** | പ്രളയധനസഹായം അനുവദിക്കുന്നതിനുള്ള ഗുണഭോക്തൃപട്ടികയിൽ അനധികൃതമായി പേര് വിവരങ്ങൾ ഉൾപെടുത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | സംബന്ധിച്ച്) | | |
| **5** | 2021-22 | തൃശ്ശൂർ, ചാലക്കുടി, തലപ്പിള്ളി, ചാവക്കാട്, കുന്നംകുളം, മുകുന്ദപുരം എന്നീ താലൂക്ക് ഓഫീസുകൾ | 2018 -ലെ പ്രളയ ദുരിതാശ്വാസ ധനസഹായ വിതരണത്തിൽ ഇരട്ടിപ്പ് ഉൾപ്പടെയുള്ള അപാകതകൾ കണ്ടെത്തി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| **6** | 2021-22 | ഭൂജലവകുപ്പ് ഡയറക്ടേറ്റ് | ഓഫീസ് രജിസ്റ്ററുകളിൽ ധാരാളം പിശകുകളും വെട്ടിത്തിരുത്തുകളും നോട്ടപ്പിശകും അശ്രദ്ധയും കണ്ടെത്തി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| **7** | 2021-22 | തൃശ്ശൂർ കളക്ടേറ്റ്, തൃശ്ശൂരിലെ വിവിധ താലൂക്ക് ഓഫീസുകൾ | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ധനസഹായ വിതരണത്തിൽ ഇരട്ടിപ്പ് ഉൾപ്പടെയുള്ള അപാകതകൾ കണ്ടെത്തി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| **8** | 2021-22 | കെയ്കോ, തൊടുപുഴ | അക്രഡിറ്റഡ് ഏജൻസികൾ പ്രവൃത്തികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 'Industrial Building works as PMC' ആയി മാത്രം അക്രഡിറ്റേഷൻ ഉള്ള കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിനെ തങ്ങൾക്ക് അക്രഡിറ്റേഷൻ ഇല്ലാത്ത റോഡ്, കെട്ടിടങ്ങളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ ഏൽപ്പിക്കുകയും അക്രഡിറ്റഡ് ഏജൻസികൾക്ക് സെന്റേജ്/കൺസൾട്ടൻസി ചാർജ്ജ് അനുവദിക്കുമ്പോൾ കോൺട്രാക്ടേഴ്സ്, പ്രോഫിറ്റ്, ടെണ്ടർ എക്സസ്, ഓവർ ഹെഡ് ചാർജ്ജ് എന്നിവ അനുവദനീയമല്ല എന്ന നിർദ്ദേശത്തിന് വിരുദ്ധമായി കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കിയ LAC-ADS പ്രവൃത്തികൾക്ക് ടി എസ്റ്റിമേറ്റുകളിൽ contractors profit (CP), Over Head Charge (OH) എന്നിവ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും 5,00,000/- രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖാന്തിരമാണ് നിർവ്വഹിക്കേണ്ടത് എന്ന നിർദ്ദേശത്തിന് വിരുദ്ധമായി കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എം പാനൽ ചെയ്ത കരാറുകാരിൽ നിന്നും ടെണ്ടർ ക്ഷണിച്ചാണ് പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തിരിക്കുന്നതെന്നും കണ്ടെത്തുകയുണ്ടായി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| **9** | 2021-22 | കൃഷി വകുപ്പ്<br>സ്റ്റേറ്റ് വെജിറ്റബിൾ ഫാം, വണ്ടിപ്പെരിയാർ | ഫാം ടൂറിസം പദ്ധതി നടത്തിപ്പിനായി 11/01/2019 ൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം റീജിണൽ എഞ്ചിനീയറും സംസ്ഥാന പച്ചക്കറിത്തോട്ടം വണ്ടിപ്പെരിയാർ ഫാം സൂപ്രണ്ടും തമ്മിൽ 64 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് കരാറിൽ ഏർപ്പെടുകയുണ്ടായി. പ്രസ്തുത എം.ഒ.യു പ്രകാരം പ്രവൃത്തി എം.ഒ.യു വിൽ ഏർപ്പെട്ട് 6 മാസത്തിനകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ടി പ്രവൃത്തികൾ 2021 ഫെബ്രുവരി മാസത്തിൽ മാത്രമാണ് പൂർത്തീകരിച്ചത്. സമയബന്ധിതമായി പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പി.ഡബ്ല്യ.ഡി മാന്വൽ നിഷ്കർഷിക്കുന്ന പിഴ ഈടാക്കിയിട്ടില്ല. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| **10** | 2021-22 | തദ്ദേശ സ്വയംഭരണ വകുപ്പ്<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം LID & EW അഴുത സബ് ഡിവിഷൻ | 1. അഴുത ബ്ലോക്ക് പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ നിർമ്മാണം നടത്തിയ 15 കാർഷിക വിപണന കേന്ദ്രങ്ങൾ/വനിതാ വിപണന കേന്ദ്രങ്ങൾ ഗുണഭോക്താക്കൾക്ക് കൈമാറാതെ നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുകയാണ് എന്നും കണ്ടെത്തുകയുണ്ടായി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | 2. അഴുത ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20, 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികളിൽ റിവൈസൈഡ് എസ്റ്റിമേറ്റുകൾ തയ്യാറാക്കാതെ ബില്ലുകൾ തയ്യാറാക്കിയിട്ടുള്ളതായും പൂർത്തീകരിച്ച പ്രവൃത്തികളിൽ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമല്ലാതെയും, പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളിൽ നെയിം ബോർഡ് സ്ഥാപിക്കാതെയും സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് നിയമാനുസരണം ഈടാക്കേണ്ട പിഴ ഈടാക്കാതെയും സമയബന്ധിതമായി ഉടമ്പടിയിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കാതെയും കരാർ ഉടമ്പടിയിൽ ഏർപ്പെടാതെ പ്രവൃത്തികൾ നടപ്പിലാക്കിയതായും കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകാതെയും കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണി ചട്ടങ്ങൾ) -ലെ നിർദ്ദേശങ്ങൾ, പദ്ധതി മാർഗ്ഗ രേഖയിലേയും നിർദ്ദേശങ്ങൾ പാലിക്കാതെയും പ്രവൃത്തി നിർവ്വഹിച്ചതായി കണ്ടെത്തുകയുണ്ടായി. | |
| **11** | 2021-22 | പറവൂർ വില്ലേജ് ഓഫീസ്, അമ്പലപ്പുഴ താലൂക്ക് ഓഫീസ് , ആലപ്പുഴ ജില്ല. | പറവൂർ വില്ലേജ് ഫീൽഡ് അസിസ്റ്റന്റായ ശ്രീ.എച്ച്. അഫ്സൽ സർക്കാരിനെ കബളിപ്പിച്ച് കൈക്കലാക്കിയ 6,00,402/- (ആറു ലക്ഷത്തി നാനൂറ്റി രണ്ട്) രൂപയിൽ 1,70,473/- ( ഒരു ലക്ഷത്തി എഴുപതിനായിരത്തി നാനൂറ്റി എഴുപത്തിമൂന്ന്) രൂപ ഇനിയും സർക്കാർ ഖജനാവിലേയ്ക്കു തിരിച്ചടയ്ക്കുവാനുണ്ട്. പറവൂർ വില്ലേജ് ഓഫീസിലെ ഒടുക്കു വിവരങ്ങൾ സർക്കാർ നിബന്ധനകൾക്ക് അനുസൃതമായി നിരീക്ഷിക്കുന്നതിൽ മേൽനോട്ടപ്പിഴവ് വരുത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| **12** | 2021-22 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ വ്യവസായ വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിന്മേലുള്ള പരിശോധന | 1. ലോൺ തുക സംരംഭത്തിനായി ഉപയോഗിക്കാത്തതും സംരംഭം ആരംഭിക്കാത്തതുമായി റിപ്പോർട്ടിൽ പരാമർശിച്ച 9 സംഘങ്ങളിൽ നിന്ന് ആകെ 18,62,500/- രൂപ തിരികെ ഈടാക്കി സർക്കാർ അക്കൗണ്ടിൽ അടക്കേണ്ടതാണ്.<br>2. ലോൺ തുക ചെലവഴിക്കുന്നതിൽ കാലതാമസം ഉണ്ടായ മൂന്ന് സംഘങ്ങൾക്ക് അനുവദിച്ച സബ്സിഡി തുക നിഷ്ക്രിയമായി കൈവശം വച്ച കാലയളവിലെ 18% പലിശ തുകയായ 88,718/- രൂപ വ്യവസായ വികസന ഓഫീസറിൽ നിന്നും അതാതു സംഘങ്ങളിൽ നിന്നും തുല്യമായി ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.<br>3. സബ്സിഡി മാനദണ്ഡങ്ങൾ മറികടന്നു തുക അധികമായി അനുവദിച്ച രണ്ട് സംഘങ്ങളിൽ നിന്നും അധികം അനുവദിച്ച സബ്സിഡി തുകയായ 1,00,000/- രൂപ (50,000/- രൂപ വീതം) തിരികെ ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.<br>4. പരിശീലന പദ്ധതികളിൽ പരിശീലനാർത്ഥികളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 10% വിഹിതമായ 62,500/- രൂപ ഈടാക്കാത്ത സാഹചര്യത്തിൽ 62,500/- രൂപ വ്യവസായ വികസന ഓഫീസറായ സതീശൻ കോടഞ്ചേരിയിൽ നിന്നും ഈടാക്കേണ്ടതാണ്.<br>5. ചട്ടവിരുദ്ധമായി സർക്കാർ ഖജനാവിൽ നിന്നും ഭീമമായ തുക ചെലവഴിച്ചതിനാൽ ശ്രീ. സതീശൻ കോടഞ്ചേരിക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.<br>6. ഖണ്ഡിക VII ൽ പ്രതിപാദിച്ച 14 സംഘങ്ങളുടെ നിലവിലെ പ്രവർത്തനം മോണിറ്ററിംഗ് സമിതി | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | പരിശോധിച്ച ഭരണ സമിതിയുടെ അംഗീകാരത്തോട്ടു കൂടിയ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാ | |
| **13** | 2021-22 | കൊളച്ചേരി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി കണ്ണൂർ പ്രോജക്ട് ഡിവിഷനിൽ നടത്തിയ പരിശോധന | 1. വെളിയമ്പ്രയിലുള്ള കിണറിൽ നിന്ന് കൊളച്ചേരി പദ്ധതിക്കായി നിലവിൽ 13.7 MLD വെള്ളം പാടിക്കുന്നിലുള്ള ജല സംഭരണയിലെത്തിക്കുന്ന D1K 9400 mm ഗ്രാവിറ്റി മെയിൻ പൈപ്പുമായാണ് പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നുള്ള 4 MLD ജല നിർഗമന പൈപ്പ് ലൈൻ ബന്ധിപ്പിയ്ക്കാൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് തന്നെ പാവന്നൂർ മൊട്ടയിൽ നിന്ന് കൊളച്ചേരി പദ്ധതിയുടെ പ്രധാന ജലവിതരണ ടാങ്കിലേക്ക് ബന്ധിപ്പിക്കുന്ന പൈപ്പ് ലൈനിനു രണ്ടു സ്രോതസ്സുകളിൽ നിന്നും ലഭ്യമാക്കുന്ന വെള്ളം ഒരേ സമയം ഉൾക്കൊള്ളാൻ ശേഷിയുണ്ടോ എന്നത് സാങ്കേതികമായി പരിശോധിച്ചിട്ടില്ല.<br>2. മട്ടന്നൂർ - ഇരിട്ടി പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ ഒൻപതു കോടി രൂപയോളം അധിക ബാധ്യത വരുന്ന പുതിയ വ്യതിചലന നിർദ്ദേശത്തിലൂടെ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ അവസ്ഥ എന്തായിരിക്കും എന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല.<br>3. നിലവിൽ ഉദ്ദേശിക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ പൂർത്തീകരണ കാലാവധി പ്രൊജക്ട് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| **14** | 2021-22 | പാനൂർ വിദ്യാഭ്യാസ ഉപജില്ലയിലെ ഈസ്റ്റ് വള്ള്യായി എയ്ഡഡ് യു.പി സ്കൂളിലെ പരിശോധന | ബാങ്ക് അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു. നിലവിൽ ഒരു പദ്ധതിക്കും ഉപയോഗിക്കാൻ പറ്റാത്ത നീക്കിയിരിപ്പ് തുകകളും ബാങ്ക് പലിശയും ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരിച്ചടക്കുവാൻ ശിപാർശ ചെയ്തിരിക്കുന്നു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 15 | 2021-22 | SPARK (PMU) ഓഫീസിൽ നടത്തിയ പരിശോധന | എം-പാനൽ ലിസ്റ്റ് നിലവിലുള്ളപ്പോൾ കാസർഗോഡ് ജില്ലാ ട്രഷറിയിൽ നിന്നും വിരമിച്ച ശ്രീ. ഒ.കെ.പുരുഷോത്തമൻ എന്നയാളെ മാസ്റ്റർ ട്രെയിനർ ആയി കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത് സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചല്ല. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 16 | 2021-22 | SPARK (PMU) ഓഫീസിൽ നടത്തിയ പരിശോധന | ശ്രീമതി വിദ്യ. ആർ. വി യുടെ മാസ്റ്റർ ട്രെയിനർ ആയുള്ള നിയമനത്തിൽ കരാർ നിയമനങ്ങളിൽ പാലിക്കേണ്ട പൊതുവായ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 17 | 2021-22 | SIMC (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്) പാങ്ങപ്പാറ, തിരുവനന്തപുരം | ക്യാഷ്ബുക്ക് ഉൾപ്പെടെയുള്ള രേഖകളിൽ തിരുത്തൽ വരുത്തിയിട്ടുണ്ട്, വരവ് ചെലവുകൾ സംബന്ധിച്ചുള്ള രസീതുകൾ, വൗച്ചറുകൾ, ബില്ലുകൾ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമല്ല. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 18 | 2021-22 | വനം വകുപ്പ് ഹെഡ്ക്വാർട്ടേഴ്സ് തിരുവനന്തപുരം | അക്കൗണ്ടന്റ് ജനറലിന്റെ ഇലക്ട്രോണിക് പേസ്ലിപ്പ് അറ്റസ്റ്റേഷൻ കൂടാതെ വനംവകുപ്പിലെ ഗസറ്റഡ് ജീവനക്കാർ ക്രമരഹിതമായി ശമ്പളം മാറിയെടുത്തു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| 19 | 2021-22 | SPARK PMU | സ്പാർക്ക് പി.എം.യു വകുപ്പിൽ നടന്ന ക്രമക്കേട്. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 20 | 2021-22 | 1. സൈനികക്ഷേമ വകുപ്പ്<br>2. N.C.C വകുപ്പ് | 1. N.C.C വകുപ്പിലെ ജീവനക്കാർക്ക് അനധികൃതമായി 01/04/2019 തീയതി മുതൽ 31/07/2021 വരെ ട്രാവലിംഗ് അലവൻസ് / LTC ഇനത്തിൽ 5,22,963/- രൂപ അനുവദിച്ചു.<br>2. സൈനിക ക്ഷേമവകുപ്പിലെ ജീവനക്കാർക്ക് അനധികൃതമായി 01/04/2019 തീയതി മുതൽ 31/07/2021 തീയതി വരെ ട്രാവലിംഗ് അലവൻസ് / LTC ഇനത്തിൽ 21,967/- രൂപ അധികമായി അനുവദിച്ചു. | എൻ.സി.സി. വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. സൈനീക ക്ഷേമവകുപ്പ് ശിപാർശ അനുസരിച്ചുള്ള 21,967/- രൂപ തിരികെ ഈടാക്കിയിട്ടുണ്ട്. |
| 21 | 2021-22 | കണ്ണൂർ ജില്ലാ കളക്ടറേറ്റിലും താലൂക്ക് ഓഫീസിലെയും പരിശോധന | 1. കാഷായി ലഭിക്കുന്ന സംഭാവന കൈപ്പറ്റി ആയത് ലഭ്യമായ ക്യാഷ് ഓപ്ഷനിൽ എൻട്രി വരുത്താനുള്ള അനുമതിയില്ല.<br>2. കലക്ടേറ്റ്, താലൂക്ക് ഓഫീസ്, ഓൺലൈൻ പോർട്ടൽ എന്നിവ വഴി അല്ലാതെ ബാങ്കിങ്ങ് പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് സംഭാവന നൽകുന്ന വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് രസീത് ലഭ്യമാക്കുന്നതിനുള്ള സംവിധാനമില്ല.<br>3. ഇ ഫണ്ട്സ് സോഫ്റ്റ് വെയറിൽ ഡാറ്റ എൻട്രി ചെയ്യുന്ന തിയതി സോഫ്റ്റ് വെയറിലെ വിശദാംശങ്ങളിൽ ലഭ്യമല്ല. ആയതുകൊണ്ട് സംഭാവന ലഭിക്കുന്ന ദിവസം തന്നെ സോഫ്റ്റ് വെയറിൽ എൻട്രി വരുത്തുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താനാവില്ല.<br>4. ദുരിതാശ്വാസ നിധിയിലേക്കുള്ള മുഴുവൻ സംഭാവനകളും ഇ-ഫണ്ട്സ് സോഫ്റ്റ്വെയറിൽ എൻട്രി വരുന്നുവെന്ന് ഉറപ്പുവരുത്താനാവുന്നില്ല.<br>5. റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ഇ-ഫണ്ട്സ് രേഖപ്പെടുത്തലുകളിൽ ഇരട്ടിപ്പ് വന്നതായി കണ്ടെത്തി യിട്ടുണ്ട്. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 22 | 2021–22 | റവന്യൂ വകുപ്പ് – പാലക്കാട് കളക്ടറേറ്റ് | പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള ധനസഹായത്തിലെ ഇരട്ടിപ്പുമായി ബന്ധപ്പെട്ട് CMDRF അക്കൗണ്ടിൽ നിന്നും 6,07,600/– രൂപ അധികമായി ചെലവഴിച്ചതായി കണ്ടെത്തി. | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 23 | 2021–22 | വിനോദസഞ്ചാര വകുപ്പ് – കോഴിക്കോട് DTPC കാര്യാലയം | മ്യൂസിക്കൽ കഫേ എന്ന സ്ഥാപനം വാടക നൽകാതെ അനധികൃതമായി പ്രവർത്തിക്കുക വഴി DTPC–ക്ക് 6,63,000/– രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 24 | 2021–2022 | താലൂക്ക് സപ്ലൈ ഓഫീസ് ഹോസ്ദുർഗ് കാസർഗോഡ് | കാസർഗോഡ് ജില്ലയിൽ കോവിഡ് കാലത്തെ റേഷൻ ക്രെഡിറ്റ് സെയിൽ ഇനത്തിൽ ചില്ലറ വ്യാപാരികൾ ഹോസ്ദുർഗ് കാസർഗോഡ് എന്നീ താലൂക്ക് സപ്ലൈ ഓഫീസുകളിൽ യഥാക്രമം 5,98,261/- രൂപ, 2,49,327/- രൂപ തിരിച്ച് അടയ്ക്കാനുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 25 | 2021–2022 | കുമ്പള ഗ്രാമപഞ്ചായത്ത്, കാസർഗോഡ് മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് കാസർഗോഡ് | ഔദ്യോഗിക വാഹനത്തിന്റെ ദുരുപയോഗം | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 26 | 2021–2022 | കൊന്നക്കാട് പി.എച്ച്.സി, വെള്ളരിക്കുണ്ട് പി.എച്ച്.സി,<br><br>കാസറഗോഡ് | കൊന്നക്കാട് പി.എച്ച്.സിയിൽ നടപ്പിലാക്കിയ മെയിന്റനൻസ് ഓഫ് റൂഫ് വർക്ക് എന്ന പ്രവർത്തിയുടെ ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.<br><br>വെള്ളരിക്കുണ്ട് പി.എച്ച്.സിയിൽ പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തിയിട്ടില്ല. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 27 | 2021–2022 | കാസർഗോഡ് ജില്ലാ പഞ്ചായത്ത്, കാസർഗോഡ് ജില്ലാ മൃഗസംരക്ഷണ ഓഫീസ്, ജില്ലാ വെറ്റിനറി സെന്റർ അണങ്കൂർ, ABC സെന്റർ തായിലങ്ങാടി, കാസറഗോഡ്. | Animal Birth Control (ABC) പദ്ധതിയുമായി ബന്ധപ്പെട്ട് ശസ്ത്രക്രിയയ്ക്ക് വിധേയമായ നായ്ക്കളെ ശസ്ത്രക്രിയാനന്തരം പാർപ്പിക്കുന്നതിലും, പരിചരിക്കുന്നതിലും സംഭവിക്കുന്ന അനാസ്ഥ. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 28 | 2021–2022 | പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,കാസർഗോഡ് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം കാഞ്ഞങ്ങാട് | കാസർഗോഡ് ജില്ലയിലെ ഗവ.ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിലും, ഒഴിഞ്ഞുകിടക്കുന്നക്വാർട്ടേഴ്സ് അനുവദിക്കുന്നതിലുമുള്ള വീഴ്ച. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 29 | 2021–2022 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, വയനാട് | ഗോൾഡൻ കോഫി ക്യൂറിങ്ങ്സ് സ്ഥാപനം ആരംഭിക്കുന്നതിനായി വയനാട് ജില്ലയിലെ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും ശ്രീ.രവീന്ദ്രൻ, തടത്തിൽ വീട്, മൂലങ്കാവ് എന്ന വ്യക്തിഎടുത്ത വായ്പയുടെ തിരിച്ചടവ് മുടങ്ങിയതിനെ തുടർന്നുള്ള ലേല നടപടികളിലെ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | അപാകതകൾ. | |
| 30 | 2021–2022 | വയനാട് ജില്ലാ മൃഗസംരക്ഷണ ഓഫീസ്, മാനന്തവാടി വെറ്റിനറി ക്ലിനിക്ക് | മാനന്തവാടി വെറ്റിനറി പോളിക്ലിനിക്കിലെ വെറ്റിനറി സർജൻ ശിപാർശ ചെയ്ത് ജില്ലാ ഓഫീസിലേക്ക് അയച്ച പ്രളയ ദുരിദാശ്വാസം അനുവദിച്ച 6 അപേക്ഷകളിലെ ന്യൂനതകൾ. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 31 | 2021–2022 | കോട്ടത്തറ ഗ്രാമ പഞ്ചായത്ത്, വയനാട് | വലിയകുന്ന് എസ്.സി കോളനിയിൽ അംബേദ്കർ ഗ്രാമ പദ്ധതിയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ മുൻഗണനാലിസ്റ്റ് പ്രകാരം ലൈബ്രറി നിർമ്മിക്കുക, അംഗൻവാടി നവീകരിക്കുക എന്നീ പ്രവർത്തികൾ നടത്തണമെന്നാണ്. എന്നാൽ നിലവിലെ അംഗൻവാടി കെട്ടിടം പൊളിച്ചുമാറ്റി അംഗൻവാടിയും കൾച്ചറൽ സെന്ററും രണ്ട് നിലയിലായി പണി കഴിപ്പിച്ചു. mobilization advance ആയി 50%തുക അനുവദിച്ചു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 32 | 2021–2022 | പൊതുമരാമത്ത് നിരത്ത് വിഭാഗം ഡിവിഷൻ, സബ്-ഡിവിഷൻ, സെക്ഷൻ ഓഫീസുകൾ, കാസറഗോഡ് ജില്ല. | കാസർഗോഡ് ജില്ലയിലെ വിവിധ റോഡ് പ്രവർത്തികളിൽ ഗുണനിലവാര കുറവ്.<br><br>കാസർഗോഡ് ജില്ലയിലെ ക്വാളിറ്റി കൺട്രോൾ വിഭാഗം സാമ്പിൾ പരിശോധിക്കുന്നതിലെ കാലതാമസം ഒരേ റോഡിലെ ഒരുമിച്ച് ചെയ്യാവുന്ന പല പ്രവർത്തികളും വിഭജിച്ച് പല റീച്ചുകളായി നടപ്പിലാക്കുന്നു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 33 | 2021–2022 | കാസർഗോഡ് ജില്ലാ കളക്ടറേറ്റ് | ഔദ്യോഗിക വാഹനത്തിന്റെ ദുരുപയോഗം. ശ്രീ. രവികുമാർ.കെ ഡെപ്യൂട്ടി കളക്ടറിൽ നിന്നും 15,232/- രൂപ ഈടാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട് | ശ്രീ. രവികുമാർ.കെ ഡെപ്യൂട്ടി കളക്ടറിൽ നിന്നും 15,232/- രൂപ ഈടാക്കി |
| 34 | 2021–2022 | കാസർഗോഡ് ജില്ലയിലെ താലൂക്ക് ഓഫീസുകൾ, സബ്-ട്രഷറികൾ. | 2018-ലെ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ആവാത്ത സാഹചര്യം, ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന തുകയിൽ കൂടുതൽ അനുവദിക്കുക, ചെറിയ തകരാറിന് പോലും വലിയ തുക അനുവദിക്കുക എന്നീ ക്രമക്കേടുകൾ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 35 | 2021-22 | ആരോഗ്യവും കുടുംബ ക്ഷേമവും വകുപ്പ് / KHRWS | KHRWS മുൻ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. ജി. അശോക് ലാൽ, സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി സർക്കാർ അനുമതിയില്ലാതെ വിമാന യാത്ര അന്യസംസ്ഥാന യാത്രകൾ നടത്തി. യാത്രാപ്പടികൾ മാസ സീലിംഗുകൾ ലംഘിച്ചു കൈപ്പറ്റി. പ്രസ്തുത ചട്ട ലംഘനം ഫിനാൻസ് ഓഫീസർ ചൂണ്ടിക്കാട്ടിയെങ്കിലും അത് അവഗണിച്ചുകൊണ്ട് വീണ്ടും ഇപ്രകാരം തുകകൾ കൈപ്പറ്റി കോർപ്പറേഷൻ നയങ്ങൾക്ക് വരുദ്ധമായി ഇൻസെന്റീവുകൾ കൈപ്പറ്റി. കോർപ്പറേഷൻ ഡയറി അച്ചടിയുമായി ബന്ധപ്പെട്ട് വിവിധ സാമ്പത്തിക ക്രമക്കേടുകൾ നടത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 36 | 2021 | ലോട്ടറി വകുപ്പ് / കേരള സംസ്ഥാന ലോട്ടറി വകുപ്പ് ഡയറക്ടറുടെ കാര്യാലയം | ലോട്ടറി വിതരണത്തിനായി യാത്ര നടത്തിയ വാഹനത്തിന് പകരം യാത്ര നടത്താത്ത വാഹനത്തിന്റെ നമ്പർ കാണിച്ച് ജീവനക്കാർ അനർഹമായി യാത്രാനുകൂല്യങ്ങൾ കൈപ്പറ്റി.<br><br>വാഹന കരാറുകാരനുമായി ചേർന്ന് ചട്ടങ്ങൾ മറികടന്ന്, സർക്കാർ സംവിധാനങ്ങളെ ദുരുപയോഗം ചെയ്തും ജീവനക്കാർക്ക് അധിക യാത്രാപ്പടി നൽകുക വഴി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കി.<br><br>2010-11 മുതൽ 2017-18 സാമ്പത്തിക വർഷങ്ങളിൽ വാഹനങ്ങളിൽ ലോട്ടറി വിതരണം ചെയ്യുന്ന പ്രവൃത്തികളിൽ പങ്കാളികളായ ജീവനക്കാർക്ക് 11,77,080/-രൂപ അനുവദിച്ചു. (ഒരു യാത്രയ്ക്ക് പരമാവധി 4 ഡി.എ യ്ക്ക് ആണ് അർഹത.) | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 37 | 2021-22 | സ്റ്റേഷനറി വകുപ്പ് / സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയം | 2019-20 വർഷത്തെ മൂല്യ നിർണ്ണയം കഴിഞ്ഞ ഉത്തരക്കടലാസുകളുടെ ദർഘാസിൽ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയിരുന്ന ശ്രീ. പി. രാജൻ (കേരള വേസ്റ്റ് പേപ്പർ സ്റ്റോഴ്സ്) യഥാസമയം പാഴ്ക്കടലാസുകൾ നീക്കം ചെയ്യാത്തതിനെ തുടർന്ന് 75,60,575/- രൂപ ബാധ്യതായി. (ടിയാൻ മരണപ്പെട്ടു.). | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 38 | 2021-22 | മൃഗസംരക്ഷണ വകുപ്പ് / മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ കാര്യാലയം | മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ ധന വിനിയോഗവുമായി ബന്ധപ്പെട്ട ഫയലുകൾ ഫിനാൻസ് ഓഫീസറുടെ അഭിപ്രായം തേടാതെ അംഗീകരിക്കുന്നു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 39 | 2021 - 22 | പൊതുവിദ്യാഭ്യാസ വകുപ്പ് / തിരുവനന്തപുരം പരീക്ഷാ ഭവൻ | ഉന്നത ഉദ്യോഗസ്ഥരുടെ അഭാവവും ഭരണപരമായ പരിചയക്കുറവും മൂലം സാമ്പത്തികമായി പല ക്രമക്കേടുകളും വീഴ്ചകളും തുടർച്ചയായി സംഭവിക്കുന്നു. വ്യവസ്ഥകൾ പാലിക്കാതെ അഡ്വാൻസുകൾ അനുവദിക്കുന്നു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 40 | 2021 - 22 | വ്യവസായ വകുപ്പ് / മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് / | ചട്ട വിരുദ്ധമായി പർച്ചേയ്സുകൾ നടത്തി, നികുതി വെട്ടിപ്പ് നടത്തി, സ്ഥാപനം നഷ്ടത്തിലാകാൻ ബോധപൂർവ്വം സാഹചര്യമൊരുക്കി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| 41 | 2021 – 22 | വ്യവസായ വകുപ്പ് /കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറുടെ കാര്യാലയം | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല എന്നാൽ റിബേറ്റ് അനുവദിക്കുന്ന രീതിയിൽ ക്രമക്കേട് നടത്തുവാനുള്ള സാധ്യത നിലനിൽക്കുന്നതായി കണ്ടെത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 42 | 2021-22 | പൊതുവിദ്യാഭ്യാസ വകുപ്പ് / GHSS ഒളുക്കങ്ങൽ | സ്പാർക് ബില്ലിൽ അക്കൗണ്ട് നമ്പർ തിരുത്തി ആധ്യാപകർക്ക് നൽകേണ്ട തുകകൾ ക്ലർക്ക് സ്വന്തം അക്കൗണ്ടിലേക്ക മാറ്റി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 43 | 2021-22 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് -കേരള/ ഐ.ടി വകുപ്പ് | ട്രഷറിയിൽ സൂക്ഷിച്ചിരിക്കുന്ന തുക പിൻവലിച്ച് വാണിജ്യ /സഹകരണബാങ്കിൽ നിക്ഷേപിക്കാൻ പാടില്ലായെന്ന വ്യവസ്ഥ ലംഘിച്ച് 50 കോടി രൂപ ചട്ടവിരുദ്ധമായി ട്രഷറിയിൽനിന്ന് പിൻവലിച്ച് വാണിജ്യ ബാങ്കിൽ നിക്ഷേപിച്ചു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 44 | 2021-22 | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്/ സാംസ്കാരികകാര്യ വകുപ്പ് | 2015-16 മുതൽ 2018-19 വരെ ആദായ നികുതി യഥാവിധി ഫയൽ ചെയ്യാത്തതിനാലും നികുതി തുക ഒടുക്കാത്തതിനാലും പിഴയായും പലിശയിനത്തിലും 1,65,612 /- രൂപ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഒടുക്കേണ്ടതായി വന്നു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 45 | 2021-22 | തൃശ്ശൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ഓഫീസ് / ടൂറിസം വകുപ്പ് | യാതൊരു നടപടിക്രമങ്ങളും പാലിക്കാതെയും സർക്കാർ അനുമതി വാങ്ങാതെയും മറ്റ ഡി.ടി.പി.സി. കളിലൊന്നും ഇല്ലാത്ത ജനറൽ മാനേജർ എന്ന തസ്തിക സൃഷ്ടിച്ച് അതിനുവേണ്ട അടിസ്ഥാന വിദ്യാഭ്യാസയോഗ്യതകൾ പോലും നിശ്ചയിക്കാതെയും അപേക്ഷ ക്ഷണിക്കുകയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുകയോ ചെയ്യാതെയും തൃശ്ശൂർ ഡി.ടി.പി.സി. യുടെ എക്സിക്യൂട്ടീവ് കമ്മറ്റി തന്നിഷ്ട പ്രകാരം പ്ലസ് ടു, KGCE യോഗ്യതകൾ മാത്രമുള്ള ശ്രീ.എൻ.ആർ.രവിചന്ദ്രനെ ജനറൽ മാനേജർ എന്ന തസ്തികയിൽ നിയമിച്ചു. | ശ്രീ.എൻ.ആർ.രവിചന്ദ്രനെ സേവനത്തിൽ നിന്ന് പിരിച്ചുവിടാൻ ശിപാർശ ചെയ്തു. ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 46 | 2021-22 | ജില്ലാ ട്രഷറികൾ/ധനകാര്യ വകുപ്പ് | ട്രഷറി പണമിടപാട് സംബന്ധിച്ച ചട്ടങ്ങൾ ലംഘിച്ച് പണമിടപാട് നടത്തി | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 47 | 2021-22 | കേരള വിശ്വബ്രാഹ്മണ സമൂഹം /നികുതി വകുപ്പ് | തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽ വിശ്വബ്രാഹ്മണ സമൂഹം കേരള എന്ന സംഘത്തിന്റെ റിട്ടേൺസ് ഫയൽ ചെയ്തിട്ടില്ല. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 48 | 2021-22 | ഗവ. അങ്ങാടിക്കൽ എൽ.പി. സ്കൂൾ | ഗവ. അങ്ങാടിക്കൽ എൽ.പി. സ്കൂളിൽ നടത്തിയ മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട ക്രമക്കേട് | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| 49 | 2021-22 | അടൂർ, കോന്നി, മല്ലപ്പള്ളി, റാന്നി, കോഴഞ്ചേരി താലൂക്ക് ഓഫീസുകൾ | 2018-ലെ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട ധനസഹായ വിതരണത്തിലെ അപാകതകൾ | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 50 | 2021-22 | തിരുവല്ല താലൂക്ക് ഓഫീസ് | 2018-ലെ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് ധനസഹായ വിതരണത്തിലെ ക്രമക്കേട് സംബന്ധിച്ച് തിരുവല്ല താലൂക്ക് ഓഫീസിൽ പത്തനംതിട്ട ജില്ലാ പരിശോധനാ സ്ക്വാഡ് നടത്തിയ പരിശോധന | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 51 | 2021 | കൃഷി വകുപ്പ്- ചിറക്കര റബ്ബർ ഉത്പാദക സംഘം | സ്കീമിന്റെ മുൻ പ്രസിഡൻറ് അനധികൃത പണപ്പിരിവ് നടത്തിയതായി കണ്ടെത്തി | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 52 | 2021 | വിദ്യാഭ്യാസ വകുപ്പ്- മരുത്തടി കന്നിമേൽ AVLP സ്കൂൾ | നൂൺമീൽ അക്കൗണ്ടിൽ നിന്നും 2008/-രൂപ അധികമായി പിൻവലിച്ചതായി കണ്ടെത്തി | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 53 | 2021 | തദ്ദേശ സ്വയം ഭരണ വകുപ്പ്- ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് | കോവിഡ് -19 മായി ബന്ധപ്പെട്ട ധനസഹായം, വ്യക്തികൾ അനർഹമായി കൈപ്പറ്റിയതായി കണ്ടെത്തി | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 54 | 2021 | ഐ.ടി വകുപ്പ്-അക്ഷയ കേന്ദ്രം | അക്ഷയ കേന്ദ്രങ്ങളുടെ സംരഭകത്വം സംബന്ധിച്ച കരാറുകളിൽ വീഴ്ചകൾ വരുത്തിയതായി കണ്ടെത്തി | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 55 | 2021-22 | കെ.ടി.ഡി.സി ആസ്ഥാന ഓഫീസ്, തിരുവനന്തപുരം | KTDC-യിലെ നിയമനത്തിലെ ക്രമക്കേട് സംബന്ധിച്ച് ശ്രീ. മനു ജോസഫ് സി.എം.ഒ പോർട്ടൽ മുഖേന സമർപ്പിച്ച പരാതി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 56 | 2021 | തദ്ദേശ സ്വയംഭരണ വകുപ്പ് - പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത്, പാലക്കാട്. | സാംസ്കാരിക നിലയത്തിന്റെ പഴയ കെട്ടിടത്തിൽ നവീകരണ പ്രവൃത്തികൾ നടത്തി ചുരുങ്ങിയ കാലത്തിനുള്ളിൽ കെട്ടിടം പൊളിച്ചുനീക്കി സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതായി കണ്ടെത്തി.<br><br>പി.ഡബ്ളിയു.ഡി മാന്വൽ 2012 ലെ സെക്ഷൻ 2113 ലെ വ്യവസ്ഥകൾ ലംഘിച്ച് പണിപൂർത്തിയാകുന്നതിന് മുമ്പ് പൂർത്തീകരണ സാക്ഷ്യപത്രം നൽകിയതുവഴി കരാറുകാരന് മുഴുവൻ തുകയും മാറിനൽകിയതായി കണ്ടെത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

അനുബന്ധം-2

# LAQ 4275

# 2022-23

| ക്രമ നം. | സാമ്പത്തിക വർഷം | പരിശോധന നടത്തിയ വകുപ്പ്/ സ്ഥാപനം. | കണ്ടെത്തിയ ക്രമക്കേടുകളുടെ സംക്ഷിപ്തം. | ക്രമക്കേട് നടത്തിയവർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം |
|---|---|---|---|---|
| 1 | 2022-23 | പൊതുമരാമത്ത് റോഡ്സ് വിഭാഗം ഡിവിഷൻ ഓഫീസ്,കോട്ടയം ,അനുബന്ധ ഓഫീസുകൾ | ഇല്ലിക്കൽ-കുഴിത്താർ റോഡിൽ നടത്തിയ അറ്റകുറ്റപ്പണികളുടെ DLP കാലയളവ് അവസാനിക്കുന്നതിന് മുമ്പ് തന്നെ അതേ റോഡിൽ അതേ ചെയിനേജിലും BM& BC പ്രവൃത്തികൾ നടപ്പിലാക്കിയത് വഴി 22,93,904/- രൂപ പാഴ്ച്ചെലവിലൂടെ സർക്കാരിന് നഷ്ടമുണ്ടായി. | കരാറുകാരന് തുക നൽകുവാൻ ബഹു. ഹൈക്കോടതി പൊതുമരാമത്ത് വകുപ്പിന് ഉത്തരവ് നൽകിയിട്ടുണ്ട് |
| 2 | 2022-23 | ലീഗൽ മെട്രോളജി കൺട്രോളറുടെ കാര്യാലയം | 1.1. LMOMS സോഫ്റ്റ് വെയറിന്റെ എല്ലാ മൊഡ്യൂളുകളുടേയും നിർമ്മാണത്തിലെ കാലതാമസം.<br>2. LMOMS സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനാവശ്യമായ 17,61,874/- രൂപ മുഴുവനായും ഒറ്റത്തവണയായി മുൻകൂറായി NIC -യ്ക്ക് 12/03/2024-ൽ കൈമാറി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| 3 | 2022-23 | കൃഷി വകുപ്പ്<br>കുമളി കൃഷി ഭവൻ | 2021-22 സാമ്പത്തിക വർഷം 13,02,635/- രൂപ പിൻവലിച്ചുവെങ്കിലും ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് പരിശോധന നടത്തിയ 2022 ജൂൺ മാസംവരെ ടി പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | ചെയ്തിട്ടില്ല. ടി പദ്ധതികളുടെ സ്റ്റോക്ക് രജിസ്റ്റർ, ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്ത വിതരണ രജിസ്റ്റർ, ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്തൃ വിഹിതമായി തുകകൾ ഈടാക്കിയതിന്റെ രസീത് ബുക്കുകകൾ എന്നിവ ഫയലിൽ ലഭ്യമല്ലായെന്നും കണ്ടെത്തി. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ഇടുക്കി-വയനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫലവൃക്ഷ വ്യാപനം എന്ന പ്രോജക്ടിൽ ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ നിന്നും കൃഷി അസിസ്റ്റന്റ് ഫീൽഡുതല പരിശോധന നടത്തി റിപ്പോർട്ട് നൽകാതെയും കൃഷി ഓഫീസർ അപേക്ഷ പാസ്സാക്കി നൽകാതെയും തുകകൾ അനുവദിച്ചതായി കണ്ടെത്തി. ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡ് നടത്തിയ ഫീൽഡുതല പരിശോധനയിൽ തൈകൾ നട്ടതായി അവകാശപ്പെട്ട് ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ തൈകൾ നട്ടിട്ടില്ലായെന്നും കണ്ടെത്തി. | |
| 4 | 2022-23 | വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ വാഹനം ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച് | റവന്യൂ, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, പിന്നാക്ക വിഭാഗ വികസന വകുപ്പ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ വാഹനം ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| 5 | 2022-23 | തദ്ദേശസ്വയം ഭരണ വകുപ്പ്<br>കുമാരമംഗലം ഗ്രാമപഞ്ചായത്ത് വാഹന ദുരുപയോഗം സംബന്ധിച്ച് | കുമാരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വാഹന ദുരുപയോഗം. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| 6 | 2022-23 | കൃഷി വകുപ്പ്<br>രാജക്കാട് കൃഷി ഭവൻ | രാജക്കാട് കൃഷി ഭവനിൽ ഉപയോഗിച്ച് വരുന്ന KL-38C-5772 ഹോണ്ട ആക്ടീവ സ്കൂട്ടർ ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്താതെ ഉപയോഗിക്കുന്നതായും, ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തുന്നില്ലായെന്നതും. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| 7 | 2022-23 | വ്യവസായ വകുപ്പ്<br>ഇടുക്കി ജില്ലയിലെ താലൂക്ക് വ്യവസായ ഓഫീസുകൾ | താലൂക്ക് വ്യവസായ വികസന ഓഫീസിലെ വ്യവസായ വികസന ഓഫീസർമാർ നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹാജരാകുന്നില്ല. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| 8 | 2022-23 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | മുൻ എം.ഡി ശ്രീ. അബ്ദുൾ ലത്തീഫ് സർക്കാർ അനുമതിയില്ലാതെ നടത്തിയ വിമാന യാത്രയും<br>Salary നൽകാനായി തയ്യാറാക്കിയ proceedings -ൽ ഉൾപ്പെടുത്തി VECOMCON Technologies എന്ന സ്ഥാപനത്തിന് Payment നൽകിയതും സംബന്ധിച്ച്. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| 9 | 2022-23 | മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തുടനീളമുള്ള വിവിധ ഓഫീസുകൾ | ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും പലിശയും ഉൾപ്പെടെയുള്ള ഉപയോഗ ശൂന്യമായ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുകകൾ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടത് സംബന്ധിച്ച്. | അന്തിമ നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |

| | | | | |
|---|---|---|---|---|
| 10 | 2022-23 | കൺസ്യൂമർഫെഡ്, എറണാകുളം | 2022 ലെ ഓണച്ചന്ത നടത്തിപ്പിലെ സബ്സിഡി തുക സംബന്ധിച്ച്. കൺസ്യൂമർഫെഡിൽ സഹകരണ ബാങ്ക് നടത്തിവരുന്ന ഓഡിറ്റ് 2017 വരയേ പൂർത്തിയാക്കിയിട്ടുള്ളൂ. | അന്തിമ നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 11 | 2022-23 | തുറമുഖ വകുപ്പിന്റെ കീഴിലുള്ള ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം ഓഫീസ് | സർവ്വേ ജോലികളിൽ പങ്കെടുക്കുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും മാർഗ്ഗ രേഖകളും പരിശീലനവും നൽകുന്നതോടൊപ്പം സർവ്വേയുടെ ചുമതലയുള്ള മറൈൻ സർവ്വേയർമാരുടെ നേരിട്ടുള്ള മേൽനോട്ടം നൽകേണ്ടതാണ്. കൂടുതൽ സാങ്കേതികമായ പരിശീലനം നടത്തുക. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| 12 | 2022-23 | ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം | ശ്രീമതി റൂബി ആർ-ന് ജലസേചന വകുപ്പിൽ അപ്പർ ഡിവിഷൻ ക്ലർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം നല്കിയത് ക്രമ വിരുദ്ധമാണെന്ന് കണ്ടെത്തിയതിന്റെ പശ്ചാത്തലത്തിൽ ജലസേചന വകുപ്പിലെ ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയറുടെ അധികാര പരിധിയ്ക്കുള്ളിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ സീനിയോറിറ്റി സംബന്ധിച്ച പരാതികളിൽമേലുള്ള പരിശോധന.. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| 13 | 2022-23 | സെന്റ് അലോഷ്യസ് കോളേജ്, എടത്വ | 1. പദ്ധതി നിർവ്വഹണത്തിന് ശേഷവും വിവിധ ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരിച്ചടക്കുന്നില്ല.<br>2. രണ്ടു നിലകളുള്ള ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരനെ ഒഴിവാക്കി മാനേജ്മെന്റ് നിർമ്മാണ പ്രവൃത്തികൾ കൈകാര്യം ചെയ്തു. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| 14 | 2022-23 | റവന്യു വകുപ്പ് - താമരശ്ശേരി താലൂക്ക് ഓഫീസ് | തഹസിൽദാർമാർ അധികാര ദുർവിനിയോഗം നടത്തി അനധികൃത ധാതുകടത്ത് വാഹനങ്ങൾ വിട്ടുനൽകുകവഴി സർക്കാരിന് റവന്യൂ നഷ്ടമുണ്ടായി. | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 15 | 2022-23 | ജലവിഭവ വകുപ്പ് - കൊയിലാണ്ടി പി.എച്ച് | കൊയിലാണ്ടി പി.എച്ച് സെക്ഷനിൽ കുടിവെള്ള കണക്ഷനുവേണ്ടി അപേക്ഷകരുടെ സീനിയോറിറ്റി മറികടന്ന് കണക്ഷൻ നൽകിയതായി | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| | | സെക്ഷൻ | കണ്ടെത്തി. | ലഭ്യമാക്കിയിട്ടില്ല. |
| 16 | 2022-23 | ഭക്ഷ്യ പൊതു വിതരണ വകുപ്പ് - കോഴിക്കോട് ഭക്ഷ്യ സുരക്ഷ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം | ഭക്ഷ്യ സുരക്ഷയെ സംബന്ധിച്ച് ഒരേ സമയം വിവിധ സ്കൂളുകളിൽ ക്ളാസെടുത്തതായി കാണിച്ച് ഡയറ്റീഷ്യൻ ശ്രീമതി. റെജിന കെ.-ക്ക് തുക അനുവദിച്ചത്. | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 17 | 2022-23 | 1. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് - പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റ്<br><br>2. വ്യവസായ വകുപ്പ് - കേരള സംസ്ഥാന കൈത്തറി നെയ്ത്ത് സഹകരണ സംഘം (ഹാന്റക്സ്), തിരുവനന്തപുരം | 2020 ൽ സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ പട്ടിക വർഗ്ഗ വിഭാഗത്തിന്റെ സ്ത്രീ-പുരുഷൻമാർക്ക് ഓണക്കോടി വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച 6,03,45,180/- രൂപയുടെ വിനിയോഗവുമായി ബന്ധപ്പെട്ട ക്രമക്കേട്. | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 18 | 2022-23 | ഉന്നതവിദ്യാഭ്യാസ വകുപ്പ് - കേരളത്തിലെ വിവിധ സർവകലാശാലകൾ | ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ പ്രോ-വൈസ് ചാൻസിലറായ ഡോ. കെ.എസ്. രവികുമാറിന് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 7591/- രൂപ ക്ഷാമബത്ത അനുവദിച്ച് നൽകിയത്. | പ്രസ്തുത തുക തിരിച്ചടച്ചതായി ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവകലാശാല അറിയിച്ചിട്ടുണ്ട്. |
| 19 | 2022-23 | ആരോഗ്യ വകുപ്പ് - കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമി. (കെ.എം.എസ്.സി.എൽ), തിരുവനന്തപുരം | കുറഞ്ഞ നിരക്കിൽ Enoxaparin എന്ന മരുന്ന് വിതരണം ചെയ്യാൻ വിതരണകമ്പനി തയ്യാറാണെന്നറിയിച്ചിട്ടും മറ്റൊരു കമ്പനിക്ക് ഉയർന്ന നിരക്കിലുള്ള പർച്ചേസ് ഓർഡർ നൽകി സർക്കാരിന് 88,88,030/- രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കി.<br><br>നെഗോസിയേഷൻ മീറ്റിംഗിന് ശേഷം നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച കമ്പനി തീരുമാനം വരുന്നതിന് മുൻപായി പർച്ചേസ് ഓർഡർ അനുസരിച്ച് കമ്പനിക്ക് ഉയർന്ന നിരക്ക് അനുവദിച്ച് നൽകിയതുമൂലം 7,00,606/- രൂപയുടെ നഷ്ടം വരുത്തി. | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 20 | 2022-23 | കോഴിക്കോട് സിവിൽ സ്റ്റേഷനിലെ വിവിധ ഓഫീസുകൾ - കുടുംബശ്രീ ജില്ലാമിഷൻ, ജില്ലാനിർമ്മിതി കേന്ദ്രം, ജില്ലാ ഹരിത കേരള | വാടകയ്ക്കെടുത്ത ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തു. ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്താതെ യാത്രകൾ നടത്തി | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| | | മിഷൻ, സമഗ്ര ശിക്ഷാ കേരളം പ്രോജക്റ്റ് ഓഫീസ്, ഡെപ്യൂട്ടി കളക്ടറുടെ (RR) ഒഫീസ്, സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറുടെ (LANH) ഒഫീസ്, ജില്ലാ പ്ലാനിംഗ് ഓഫീസ് എന്നിവിടങ്ങളിലെ വാഹന പരിശോധന. | | ലഭ്യമാക്കിയിട്ടില്ല. |
| 21 | 2022–23 | വിദ്യാഭ്യാസ വകുപ്പ് – ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, പട്ടാമ്പി, പാലക്കാട്. | വെക്കേഷൻ കാലയളവ് ഒഴിവാക്കി പ്രസവാവധി എടുത്തതുമായി ബന്ധപ്പെട്ട 60 കേസുകൾ. | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 22 | 2022–2023 | സിവിൽ സപ്ലൈസ് വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന 75 താലൂക്ക് സപ്ലൈ ഓഫീസുകൾ | ട്രഷറിയിൽ അടയ്ക്കേണ്ട തുക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.<br>റേഷൻ വ്യാപാരികളിൽ നിന്നുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കുന്നില്ല.<br>വാഹനത്തിന്റെ ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 23 | 2022–2023 | കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡ്, പത്തനംതിട്ട | സാന്ത്വന പെൻഷൻ ഇനത്തിൽ ശ്രീമതി ഓമന പുരുഷോത്തമന്റെ ആശ്രിതരായ ശ്രീമതി.രേവതി ഇ.പിയ്ക്ക് അധികമായി 34,672/- രൂപ നൽകി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 24 | 2022–2023 | കേരള ജയിൽ ആസ്ഥാനം | ജയിൽ ആസ്ഥാന കാര്യാലയത്തിലെ ചില ജീവനക്കാർ ക്വാർട്ടേഴ്സ് ഉപയോഗിക്കുമ്പോൾ അടിസ്ഥാന ശമ്പളത്തിന്റെ 2%റെന്റ് തുകയായി സർക്കാരിലേക്ക് ഒടുക്കുന്നില്ല. | ഭരണ വകുപ്പ് ധനകാര്യ വകുപ്പിന്റെ ശിപാർശയിൽ കൂടുതൽ വ്യക്തത ആവശ്യപ്പെട്ടു. |
| 25 | 2022–2023 | കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്, കാസറഗോഡ് ജില്ല. | വനിതാ തൊഴിൽ അപ്പാരൽ പാർക്കിന്റെ നിർമ്മാണത്തിലെ കാലതാമസം | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 26 | 2022–2023 | മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്, കാസറഗോഡ് ജില്ല | വനിതാ ഹോസ്റ്റൽ നിർമ്മിച്ചത് വ്യക്തമായ പ്ലാനിംഗ് ഇല്ലാതെയും, ജനവാസം തീരെയില്ലാത്ത സ്ഥലത്താണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 27 | 2022–2023 | പരപ്പ ബ്ലോക്ക് പഞ്ചായത്ത്, കാസറഗോഡ് ജില്ല. | കാർഷിക മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ കേന്ദ്രം (വനിത) ഒഴിഞ്ഞ് കിടക്കുന്നതായും, പദ്ധതിയുടെ സംഭരണമോ, വിപണനമോ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണമോ നടക്കുന്നില്ല. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 28 | 2022-2023 | ചാല സബ് രജിസ്ട്രാർ ഓഫീസ്, തിരുവനന്തപുരം | സബ് രജിസ്ട്രാർ ശ്രീമതി.ബെസ്സി തോമസിനെ 16.04.2022-ൽ കോവിഡ് ഡ്യൂട്ടിയിൽ നിന്നും വിടുതൽ ചെയ്തിട്ടും 18.04.2022-ൽ തിരികെ ജോലിയിൽ പ്രവേശിക്കാതെ കോവിഡ് ഡ്യൂട്ടിയിൽ ആണെന്ന് തെറ്റിദ്ധരിപ്പിച്ചു. ഹാജർ പുസ്തകം, ക്യാഷ് ബുക്ക് എന്നിവ നിയമ പ്രകാരം പരിപാലിക്കുന്നില്ല. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 29 | 2022-2023 | ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം | 10-ാം ശമ്പള പരിഷ്കരണത്തെ തുടർന്ന് ശമ്പള കുടിശ്ശികയിനത്തിൽ 50 ജീവനക്കാർക്ക് അധികമായി 33,16,456/- രൂപ നൽകി.<br><br>ശമ്പള പരിഷ്കരണ കുടിശ്ശിക തെറ്റായി കണക്കാക്കിയതിലൂടെ കുടിശ്ശികത്തുകയിൽ രണ്ട് ജീവനക്കാർക്ക് 16,692/- രൂപയുടെ കുറവുണ്ടായി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 30 | 2022-2023 | ബദിയടുക്ക ഗ്രാമ പഞ്ചായത്ത്, കാസറഗോഡ് ജില്ല | തെരുവു വിളക്കുകളുടെ വിതരണം, സ്ഥാപിക്കൽ, പരിപാലനം സർക്കാർ ഉത്തരവ് ലംഘിച്ച് SIDCO മുഖേന നടപ്പിലാക്കുകയും സർക്കാർ ഉത്തരവുകളിലെ നിർദേശങ്ങൾ പാലിക്കാതെ ലക്ഷക്കണക്കിന് രൂപയുടെ പദ്ധതികൾക്കുള്ള ഫയൽ അലക്ഷ്യമായി തയ്യാറാക്കുകയും, സാമ്പത്തിക വർഷം അവസാനിക്കുന്ന വേളയിലും അനുവദിച്ച ഫണ്ട് വിനിയോഗിക്കാൻ സാധിക്കാതെ പാഴാക്കുന്ന സാഹചര്യം.<br>ധനകാര്യ പരിശോധന വിഭാഗത്തിന്റെ അന്വേഷണക്കുറിപ്പിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൃത്യമായി മറുപടി നൽകുന്നില്ല. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 31 | 2022-2023 | വയനാട് ജില്ലാ പഞ്ചായത്ത്<br><br>ജില്ലാ മൃഗ സംരക്ഷണ ഓഫീസ്, ജില്ലാ കുടുംബശ്രീ മിഷൻ പ്രൊജക്ട് കോ-ഓഡിനേറ്ററുടെ ഓഫീസ് | Animal Birth Control (ABC) പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര മൃഗസംരക്ഷണ ബോർഡിന്റെ മാനദണ്ഡങ്ങൾ കൃത്യമായി നടപ്പിലാക്കുന്നില്ല. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 32 | 2022-2023 | കാസർഗോഡ് പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസ്. | ഔദ്യോഗിക വാഹനത്തിന്റെ ദുരുപയോഗം | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 33 | 2022-2023 | ആറ്റിങ്ങൽ സബ്-രജിസ്ട്രാർ ഓഫീസ് | ആറ്റിങ്ങൽ സബ്-രജിസ്ട്രാർ ഓഫീസിൽ നടത്തിയ ആകസ്മിക പരിശോധനയിൽ 2022 മാർച്ച് 28,29 തീയതികളിൽ സബ്-രജിസ്ട്രാർ ശ്രീമതി.റ്റി.എൽ.സുമ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയും ടി ദിവസത്തെ ശമ്പളം കൈപ്പറ്റുകയും ചെയ്തു. | ജോലിയ്ക്ക് ഹാജരാകാതെ കൈപ്പറ്റിയ ശമ്പളം തിരിച്ചടച്ചു. |

| | | | | |
|---|---|---|---|---|
| 34 | 2022-2023 | കാസറഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് | ഔദ്യോഗിക വാഹനമായ KL-60-B-379 ബൊലേറോ ദുരുപയോഗം ചെയ്തതായി കണ്ടെത്തുകയും 53,040/- രൂപ ഫിഷറീസ് ഡയറക്ടറായ ശ്രീ.സതീശൻ പി.വിയുടെ ബാധ്യതയായി നിർണ്ണയിക്കുകയും ചെയ്തു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 35 | 2022-2023 | കാസറഗോഡ് ഗവ.ഗസ്റ്റ് ഹൗസ് | വിവരാവകാശ നിയമം 2005 -നെ സംബന്ധിച്ച ബോർഡുകളോ, വിജിലൻസിനെ സംബന്ധിച്ച ബോർഡുകളോ സ്ഥാപിച്ചിട്ടില്ല. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 36 | 2022-2023 | പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം,<br>VHSE കൊല്ലം, , എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ മേഖല കാര്യാലയങ്ങൾ | പൊതു വിദ്യാഭ്യാസ വകുപ്പ് വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലെ വിവിധ കാര്യാലയങ്ങളിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ നിഷ്ക്രിയമായി തുടരുന്ന 13,01,732/- രൂപ കണ്ടെത്തുകയും അത് തിരിച്ചടയ്ക്കേണ്ടത് സംബന്ധിച്ച് നിർദേശങ്ങളും നൽകി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 37 | 2022-23 | വനം വന്യജീവി വകുപ്പ് / ഫോറസ്റ്റ് ഡിവിഷണൽ ഓഫീസ്, മാങ്കുളം | യാതൊരു മുൻ മാതൃകകളും ഇല്ലാതെ സ്വന്തം നിലയ്ക്ക് അശാസ്ത്രീയമായ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് നിർമ്മിച്ചതിലൂടെ സർക്കാർ ഖജനാവിൽ നിന്നും 60 ലക്ഷത്തോളം രൂപാ നഷ്ടം വരുത്തി. വാച്ച് ടവർ നിർമ്മാണത്തിൽ ജില്ലാ നിർമ്മിതി കേന്ദ്രം, ഇടുക്കി കരാർ എടുത്ത് 3,50,000/- മുൻകൂർ വാങ്ങിയ ശേഷം 10 വർഷത്തിനു ശേഷം എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ചാണ് നിർമ്മാണം നടത്തിയത്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 38 | 2022-23 | പൊതുവിദ്യാഭ്യാസ വകുപ്പ് / എ.യു.പി സ്കൂൾ, പിലാശ്ശേരി | 2010 ൽ ജനറൽ വിഭാഗത്തിൽ നിയമിതനായ ജീവനക്കാരന് 80% മസ്കുലർ ഡിസ്ട്രോഫി എന്ന രോഗമുള്ളതായി വരുത്തിതീർത്ത് നിശ്ചിത ഭിന്നശേഷി നിയമനം നടത്തണമെന്ന സർക്കാർ നിർദ്ദേശത്തെ കബളിപ്പിക്കാൻ പിലാശ്ശേരി എ.യു.പി സ്കൂൾ മാനേജരായ ശ്രീമതി. സി.എം. ബീന ശ്രമിച്ചതായി കണ്ടെത്തി.<br><br>2019-20 അധ്യയന വർഷം അനുവദിച്ച തസ്തികയിൽ 2020-21 അധ്യയന വർഷം നിയമനം നടത്തിയതിനാൽ ശ്രീമതി മേഖ. എം.പി യുടെ നിയമനം ക്രമ വിരുദ്ധമാണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 39 | 2023 | പൊതുവിദ്യാഭ്യാസ വകുപ്പ് / കെ.എസ്.കെ.എം യു.പി സ്കൂൾ, ചെറുകുളമ്പ | ചെറുകുളമ്പ കെ.എസ്.കെ.എം യു.പി സ്കൂളിൽ മാനേജരുടെ ചുമതലയുള്ള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അറിവോ സമ്മതമോ ഇല്ലാതെ നാല് അധ്യാപകരെ ജോലിയിൽ പ്രവേശിപ്പിച്ചു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | 2022-23 അധ്യായന വർഷം യഥാർത്ഥ ഉപഭോഗത്തേക്കാൾ അധികമായി 5,20,745/- രൂപ വില വരുന്ന 13976 കി.ഗ്രാം അരി അനുവദിച്ച് കൈപ്പറ്റി.<br><br>അരിയുടെ സ്റ്റോക്കിൽ കൃത്രിമം കാട്ടുകയും പലവ്യഞ്ജനങ്ങളുടെ ബില്ലുകൾ വ്യാജമായി തയ്യാറാക്കി തുക കൈപ്പറ്റി. | |
| 40 | 2022-23 | പൊതുവിദ്യാഭ്യാസ വകുപ്പ് / ചടയ മംഗലം ഗവ. യു.പി. സ്കൂൾ | കൊല്ലം ചടയ മംഗലം ഗവ. യു.പി. സ്കൂളിലെ പ്രഥമാധ്യാപികയായ ശ്രീമതി. പുഷ്പവല്ലി.വി, ടി. സ്കൂളിലെ മറ്റു ജീവനക്കാരുടെ പേരിൽ വ്യാജ ശമ്പള സർട്ടിഫിക്കറ്റുകൾ തയ്യാറാക്കി നൽകി കെ.എസ്.എഫ്.ഇ. അഞ്ചൽ ശാഖയിൽ നിന്നും വായ്പാ തട്ടിപ്പ് നടത്തി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 41 | 2022-23 | തദ്ദേശസ്വയംഭരണ വകുപ്പ് / കുറവ ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് ആസ്തിയില്ലാത്ത ഭൂമിയിൽ കുടിവെള്ള പദ്ധതി നടപ്പാക്കിയതിലൂടെ 1381770/-രൂപ നഷ്ടം വന്നു. വർഷങ്ങൾക്കു ശേഷവും പദ്ധതിയുടെ ഗുണഫലം ലഭിച്ചിട്ടില്ല. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 42 | 2022-23 | ആയുഷ് വകുപ്പ് / ആയുഷ് ഹോളിസ്റ്റിക് സെന്റർ, പെരുമ്പടപ്പ് | ആയുഷ് ഹോളിസ്റ്റിക് സെന്ററിൽ കാലാവധി കഴിഞ്ഞ 100104/- രൂപയുടെ മരുന്നുകൾ സൂക്ഷിക്കുന്നതായി കണ്ടെത്തി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 43 | 2022-23 | AEO മഞ്ചേരി/പൊതുവിദ്യാഭ്യാസ വകുപ്പ് | പദ്ധതി വിഹിതമായി അനുവദിച്ച 2,50,000/- രൂപ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതായി കണ്ടെത്തി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 44 | 2022-23 | നാറ്റ്പാക് /ശാസ്ത്ര സാങ്കേതിക വകുപ്പ് | നാറ്റ്പാക്കിലെ കൺസൾട്ടന്റ് നിയമനവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി 2021 ൽ ശിപാർശ ചെയ്ത കൺസൾട്ടന്റുമാരുടെ ലിസ്റ്റ് അംഗീകരിച്ച് കൊണ്ട് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കാതെ കൺസൾട്ടന്റുമാർക്ക് കൺസൾട്ടൻസി വർക്ക് നൽകുകയും കൺസൾട്ടൻസി ഫീസ് നൽകുകയും ചെയ്തു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 45 | 2022-23 | കോഴഞ്ചേരി താലൂക്ക് ഓഫീസ് | 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക ഗുണഭോക്താവിന്റെ (ശ്രീമതി. രമാദേവി) ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകാത്തത് സംബന്ധിച്ച പത്തനംതിട്ട ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് നടത്തിയ പരിശോധന | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 46 | 2022-23 | ചിറ്റാർ ഗ്രാമ പഞ്ചായത്ത്, റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് | റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ നിന്നും വീടിന്റെ സംരക്ഷണ ഭിത്തിക്ക് അനുവദിച്ച തുക ചിറ്റാർ ഗ്രാമ പഞ്ചായത്ത് നഷ്ടപ്പെടുത്തിയെന്ന ആരോപണത്തിന്മേൽ പത്തനംതിട്ട ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് നടത്തിയ പരിശോധന. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 47 | 2022-23 | സീതത്തോട് ഗ്രാമപഞ്ചായത്ത് | സീതത്തോട് ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങളെ സംബന്ധിച്ച പരാതി | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമാക്കിയിട്ടില്ല. |
| 48 | 2022–23 | ലേബർ കമ്മീഷണറേറ്റ് , വിവിധ ജില്ലാ ലേബർ ഓഫീസുകൾ | തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളിലെ ട്രഷറി/ബാങ്ക് അക്കൗണ്ടുകളിൽ നിഷ്ക്രിയമായി ശേഷിക്കുന്ന തുകകൾ സംബന്ധിച്ച് | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 49 | 2022–23 | റാന്നി ബ്ലോക്ക് പഞ്ചായത്ത് | ദേശീയ സമ്പാദ്യ പദ്ധതി പത്തനംതിട്ട റാന്നി ബ്ലോക്കിലെ മഹിളാ പ്രധാൻ ഏജന്റുമാരുടെ 2021 മാർച്ച് മാസത്തെ പ്രതിഫല വിതരണം നടത്താൻ കഴിയാത്തത് സംബന്ധിച്ച് | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 50 | 2022–23 | തണ്ണിത്തോട് കുടുംബാരോഗ്യ കേന്ദ്രം | പത്തനംതിട്ട തണ്ണിത്തോട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പ്രതിരോധ കുത്തിവെപ്പിനായി വാഹനം വാടകയ്ക്കെടുക്കുന്നതിലെ ക്രമക്കേടുകൾ. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 51 | 2022–23 | സംസ്ഥാനത്തെ പ്രധാനപ്പെട്ട വകുപ്പുകളുടെ ട്രഷറി/ബാങ്ക്അക്കൗണ്ടുകളിൽനിഷ്ക്രിയമായി തുടരുന്ന തുകകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലും എറണാകുളം, കോഴിക്കോട് ജില്ലാ സ്ക്വാഡുകൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ എറണാകുളം, കോഴിക്കോട് റീജിയണൽ ഓഫീസുകളിലും നടത്തിയ പരിശോധന. | **തിരിച്ചറിയാൻ സാധിക്കാത്തതും നിഷ്ക്രിയമായി തുടരുന്നതുമായ 1,70,33,239/-(ഒരുകോടി എഴുപതുലക്ഷത്തി മുപ്പത്തിമൂവായിരത്തി ഇരുനൂറ്റിമുപ്പത്തൊൻപത് രൂപ മാത്രം) രൂപ സർക്കാരിലേക്ക് തിരിച്ചടവാക്കുന്നത് സംബന്ധിച്ച്** | ഭരണവകുപ്പിൽ നിന്നും അന്തിമ നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 52 | 2022–23 | സംസ്ഥാനത്തെ പ്രധാനപ്പെട്ട വകുപ്പുകളുടെ ട്രഷറി/ബാങ്ക്അക്കൗണ്ടുകളിൽനിഷ്ക്രിയമായി തുടരുന്ന തുകകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി ഹയർ സെക്കന്ററി ഡയറക്ടറേറ്റിലും, ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റിലും, , കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ ഹയർ സെക്കന്ററി റീജിയണൽ ഓഫീസുകളിലും നടത്തിയ പരിശോധന | **തിരിച്ചറിയാൻ സാധിക്കാത്തതും നിഷ്ക്രിയമായി തുടരുന്നതുമായ 2,55,42,516/- (രണ്ട് കോടി അൻപത്തഞ്ച് ലക്ഷത്തി നാല്പത്തിരണ്ടായിരത്തി അഞ്ഞൂറ്റിപതിനാറു രൂപ മാത്രം)രൂപ സർക്കാരിലേക്ക് തിരിച്ചടവാക്കുന്നത് സംബന്ധിച്ച്** | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| 53 | **2022–23** | ശ്രീ വിദ്യാധിരാജ ഹോമിയോ മെഡിക്കൽ കോളേജ്, നേമം | നേമം ശ്രീ. വിദ്യാധിരാജാ ഹോമിയോപ്പതി മെഡിക്കൽ കോളേജിൽ ഡയറക്ട് പേയ്മെന്റ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് ഉപോത്ബലകമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥകളിൽ തുക തിരിച്ചു പിടിക്കുന്നത് സംബന്ധിച്ച ഒന്നും തന്നെ അധികാരപ്പെടുത്തുന്നില്ല എന്നത് സംബന്ധിച്ച് . | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല.. |
| 54 | **2022–23** | കേരള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ/കൃഷി വകുപ്പ് | നാല് വർഷത്തിലധികമായി ഒഴിഞ്ഞു കിടന്ന മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിനു വിരുദ്ധമായി സർക്കാർ അനുമതിയില്ലാതെ നിയമനം നടത്തി. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 55 | **2022–23** | CMDRF- സംഭാവനകൾ സംബന്ധിച്ച് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകൾ മുഖാന്തിരം നടത്തിയ പരിശോധനകളുടെ സമാഹൃത റിപ്പോർട്ട് | കൺസോളിഡേറ്റഡ് റിപ്പോർട്ട് ധനകാര്യ(ഫണ്ട്സ്) വകുപ്പിന് കൈമാറിയിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

അനുബന്ധം-3

# LAQ 4275

# 2023-2024

| ക്രമ നം. | സാമ്പത്തിക വർഷം | പരിശോധന നടത്തിയ വകുപ്പ്/ സ്ഥാപനം. | കണ്ടെത്തിയ ക്രമക്കേടുകളുടെ സംക്ഷിപ്തം. | ക്രമക്കേട് നടത്തിയവർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം |
|---|---|---|---|---|
| 1 | 2023-2024 | ഫിഷറീസ് ഡയറക്ടറേറ്റ്-ബാങ്ക് അക്കൗണ്ട് വെരിഫിക്കേഷൻ | മത്സ്യബന്ധന വകുപ്പിന്റെ ആസ്ഥാനകാര്യാലയത്തിൽ നിലനിർത്തിയിട്ടുള്ള SBI, വികാസ് ഭവൻ ശാഖയിലെ 41670066086 നമ്പർ അക്കൗണ്ടിൽ 1,06,67,250/- രൂപ സൂക്ഷിച്ചിട്ടുണ്ട്. STSB -701011400000189 നമ്പർ അക്കൗണ്ടിൽ ആകെ നീക്കിയിരിപ്പുള്ള 31,80,68,784/- രൂപയിൽ 17,45,31,044/- രൂപയും ഏതാവശ്യത്തിനായി നിക്ഷേപിച്ചു എന്ന് തിരിച്ചറിയാൻ സാധിക്കാത്ത തുകയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. CMDRF-ഇനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്ത ദുരിതാശ്വാസ സഹായനിധിയുടെ ബാക്കി തുകയിനത്തിൽ സബ് ഓഫീസുകളിൽ നിന്നും സറണ്ടർ ചെയ്ത തുകയും അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 2 | 2023-24 | മൈനിംഗ്&ജിയോളജി വകുപ്പ് -ബാങ്ക് അക്കൗണ്ട് വെരിഫിക്കേഷൻ | മൈനിംഗ്&ജിയോളജി വകുപ്പിൽ അതത് ജില്ലാ കളക്ടർമാരുടെയും ജില്ലാ ജിയോളജിസ്റ്റിന്റെയും പേരിൽ ജില്ലാ മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റിനായിട്ടുള്ള അക്കൗണ്ടുകളിൽ സൂക്ഷിച്ചിട്ടുള്ള തുക ടി ട്രസ്റ്റ് ഫണ്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ചെലവാക്കുന്നില്ല. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 3 | 2023-24 | ക്ഷീരവികസന വകുപ്പ്-ബാങ്ക് അക്കൗണ്ട് വെരിഫിക്കേഷൻ | ക്ഷീരവികസന വകുപ്പിന്റെ വിവിധ ഓഫീസുകളിലെ ബാങ്ക് അക്കൗണ്ടുകളിൽ ആകെ 79,73,766/-രൂപയും ട്രഷറി അക്കൗണ്ടുകളിൽ 18,89,766/- രൂപയും നിഷ്ക്രിയമായി സൂക്ഷിച്ചിട്ടുണ്ട് . | ഭരണ വകുപ്പിൽ നിന്നും അന്തിമ നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 4 | 2023-24 | ചിറയിൻകീഴ് ശ്രീചിത്തിരവിലാസം എൽ.പി. സ്കൂൾ, ചിറയിൻകീഴ് | സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിനും പുനർ നിർമ്മിക്കുന്നതിനും ചട്ട പ്രകാരമുള്ള അനുമതി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും (ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്) സ്കൂൾ അധികൃതർ വാങ്ങിയിട്ടില്ല. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 5 | 2023- | KSIDC-കേരള ലൈഫ് സയൻസസ് | കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്കിന്റെ രണ്ടാം ഘട്ട വികസന | ഭരണ വകുപ്പിൽ നിന്നും നടപടി |

| | | | | |
|---|---|---|---|---|
| | 24 | പാർക്ക് | പ്രവർത്തനങ്ങളുടെ ഭാഗമായി ഏറ്റെടുത്ത ഭൂമിയിൽ റവന്യൂ വകുപ്പ് തയ്യാറാക്കിയ മഹസ്സർ പ്രകാരമുള്ള മരങ്ങൾ ഉണ്ടോ എന്നോ, മഹസ്സറിൽ രേഖപ്പെടുത്തിയ എണ്ണം മരങ്ങൾ ഇല്ലായെങ്കിൽ ആയത് KSIDC മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയോ അവശേഷിച്ച മരങ്ങൾക്ക് നമ്പരിട്ട് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| **6** | 2023–24 | പൊതുവിദ്യാഭ്യാസ വകുപ്പ്<br>AEO ഓഫീസ് മൂന്നാർ | 44 സ്കൂളുകൾക്ക് 2500/- രൂപ വീതം 1,10,000/- രൂപ അലൂമിനിയത്തിന്റെ ബിൻ വാങ്ങുന്നതിനായി പണമായി കൈമാറിയിട്ടുണ്ട്. എന്നാൽ ടി സ്കൂളുകളിൽ നിന്ന് ഇപ്രകാരം വിതരണം ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങിയിട്ടില്ല എന്നും 85 സ്കൂളുകൾക്ക് 5000/- രൂപ വീതം 4,25,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിലും സ്കൂളുകളിൽ നിന്ന് വിനയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല എന്നും കണ്ടെത്തുകയുണ്ടായി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| **7** | 2023–24 | ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ്<br>ജില്ല ഇൻഫർമേഷൻ ഓഫീസ്, ഇടുക്കി | ജില്ലാ ഇൻഫർമേഷൻ ഓഫീസർ വാഹനം ദുരുപയോഗം ചെയ്തിട്ടുള്ളതായി കണ്ടെത്തുകയുണ്ടായി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| **8** | 2023–24 | തദ്ദേശ സ്വയംഭരണ വകുപ്പ്<br>MLASDF ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | വെള്ളിയാമറ്റം പഞ്ചായത്തിലെ ഇളംദേശം സെന്റ് ജോസഫ് എൽ.പി സ്കൂളിന് പാചകപ്പുര നിർമ്മാണം എന്ന പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്ന് ടെണ്ടർ കുറവ് വരുത്താതെ എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിക്കുന്നതിനായി ബില്ല് തയ്യാറാക്കി കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തുകയുണ്ടായി | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| **9** | 2023–24 | വനം വന്യ ജീവി വകുപ്പ്<br>ഫോറസ്റ്റ് ഫ്ലൈയിംഗ് സ്ക്വാഡ് റേയ്ഞ്ച് ഓഫീസ് തൊട്ടുപുഴ | ഫോറസ്റ്റ് ഫ്ലൈയിംഗ് സ്ക്വാഡ് റേയ്ഞ്ച് ഓഫീസർ വാഹനം ദുരുപയോഗിച്ചതായി കണ്ടെത്തുകയുണ്ടായി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| 55 | 2023-24 | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് / എടയൂർ കൃഷിഭവൻ | സർക്കാർ നിർദേശങ്ങൾക്ക വിരുദ്ധമായി ട്രഷറി ബിൽ വഴി പിൻവലിച്ച് 127875/- രൂപ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി.<br>സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച് പദ്ധതികൾ നടപ്പിലാക്കിയതിലൂടെ 14282/- രൂപ നഷ്ടം സംഭവിച്ചു.<br>എടയൂർ കൃഷി ഓഫീസറുടെ പേരിൽ വളാഞ്ചേരി സൗത്ത് ഇന്ത്യൻ ബാങ്ക് 0092073000000 നമ്പർ അക്കൗണ്ടിൽ 1,06,843/-രൂപയും<br>715081400000020 നമ്പർ STSB അക്കൗണ്ടിൽ 20,647/- രൂപയും പാർക്ക് ചെയ്തു കിടക്കുന്നു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 56 | 2024 | പൊതുവിദ്യാഭ്യാസ വകുപ്പ് / GLPS കാവന്നൂർ | ഉച്ചഭക്ഷണ പദ്ധതിയിൽ പാലിന്റെ അളവ് കൂടുതലായി കാണിച്ച് 2022-23, 2023-24 വർഷങ്ങളിൽ 1,00,862/- രൂപ അധികമായി കൈപ്പറ്റി.<br>സർക്കാർ നിർദേശങ്ങൾക്ക വിരുദ്ധമായി, ബാങ്ക് അക്കൗണ്ടിലൂടെയല്ലാതെ, PTA യുടെ സാമ്പത്തിക ഇടപാടുകൾ നടത്തുന്നു.<br>സർക്കാർ അനുമതിയില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 57 | 2024 | MLA SDF- ത്രൈമാസ പരിശോധന | കരാർ കാലയളവിനുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തികൾക്ക് കരാർ ദീർഘിപ്പിക്കുന്നതിനുള്ള അനുബന്ധ കരാറുകൾ വയ്ക്കുന്നില്ല. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 58 | 2024 | കേരള ആയുർവേദിക് സ്റ്റഡീസ് & റിസേർച്ച് സൊസൈറ്റി/ആയുഷ് (എ) വകുപ്പ് | മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ സ്ഥിതി ചെയ്യുന്ന കേരള ആയുർവേദിക് സ്റ്റഡീസ് & റിസേർച്ച് സൊസൈറ്റിയിലെ വിവിധ ഫണ്ടുകൾ സർക്കാർ നടപടിക്രമങ്ങൾ പാലിക്കാതെ എക്സിക്യൂട്ടീവ് ഡയറക്ടർ ചെലവഴിച്ചു. ടിയാൻ നടത്തിയ യാത്രകളുടെ യാത്രാബത്ത സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധമായി സീലിംഗ് വ്യവസ്ഥകൾ ലംഘിച്ചു കൈപ്പറ്റി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 59 | 2023-24 | വനം വന്യജീവി വകുപ്പ് /പൊന്മുടി വന സംരക്ഷണ സമിതി | കളക്ഷൻ തുക അനധികൃതമായി കൈവശം സൂക്ഷിച്ചു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 60 | 2023-24 | തദ്ദേശ സ്വയംഭരണ വകുപ്പ് / വിളപ്പിൽ ഗ്രാമപഞ്ചായത്ത് | അനധികൃതമായി ക്ഷേമ പെൻഷൻ കൈപ്പറ്റിയിട്ടുണ്ട് | തുടർ നടപടികൾക്കായി പരിശോധന റിപ്പോർട്ട് ധനകാര്യ (SFC-B) വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. |
| 61 | 2023-24 | തദ്ദേശ സ്വയംഭരണ വകുപ്പ് / മലയിൻകീഴ് ഗ്രാമപഞ്ചായത്ത് | അനധികൃതമായി ക്ഷേമ പെൻഷൻ കൈപ്പറ്റിയിട്ടുണ്ട് | തുടർ നടപടികൾക്കായി പരിശോധന റിപ്പോർട്ട് ധനകാര്യ (SFC-B) വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 62 | 2023-24 | HBA-plot changing - Sri. M.S Prasanth | ഭവന നിർമ്മാണ വായ്പ ഉപയോഗിച്ച് ഭവന നിർമ്മാണം നടത്തിയിട്ടില്ല | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 63 | 2023-24 | HBA plot change- Smt. Bindu T V | ഭവന നിർമ്മാണ വായ്പ ഉപയോഗിച്ച് ഭവന നിർമ്മാണം നടത്തിയിട്ടില്ല. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 64 | 2023-24 | കണ്ണൂർ പ്രസ് ക്ലബ്/ ഇൻഫർമേഷൻ &പബ്ലിക്ക് റിലേഷൻ വകുപ്പ് | പ്രസ് ക്ലബ് അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ അനുവദിച്ച ഫണ്ടിന്റെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിൽ 5 വർഷത്തിലേറെ കാലതാമസമുണ്ടായി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 65 | 2023-24 | മലപ്പുറം പ്രസ് ക്ലബ്/ ഇൻഫർമേഷൻ &പബ്ലിക്ക് റിലേഷൻ വകുപ്പ് | പ്രസ് ക്ലബ് അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ അനുവദിച്ച ഫണ്ടിന്റെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിലും ബില്ലുകളും വൗച്ചറുകളും സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തി.നിർവ്വഹണ ഏജൻസികളെയും കരാറുകാരെയും മത്സരാധിഷ്ഠിത ടെൻഡർ നടപടികൾ ഇല്ലാതെയാണ് തെരെഞ്ഞെടുത്തിട്ടുള്ളത്. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 66 | 2023-24 | കൃഷി വകുപ്പ് - പൂത്താർ നീർത്തട പദ്ധതി | പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 67 | 2023-24 | സഹകരണ വകുപ്പ്-കൺസ്യൂമർഫെഡ് | കൺസ്യൂമർഫെഡ് കോഫി ഹൗസ് പ്രവർത്തിക്കാതിരുന്ന കാലയളവിൽ വാടക നൽകിയതായി കണ്ടെത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 68 | 2023-24 | വ്യവസായ വകുപ്പ് - ചവറ കെ.എം.എം.എൽ സ്പോഞ്ച് യൂണിറ്റ് | മതിയായ വിദ്യാഭ്യാസ യോഗ്യതയില്ലാതെ മെക്കാനിക്കൽ എഞ്ചിനീയർമാരെ നിയമിച്ചതായി കണ്ടെത്തി | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 69 | 2023-24 | വിദ്യാഭ്യാസ വകുപ്പ്- നെടുമൺകാവ് GUPS | ഉച്ചഭക്ഷണവിതരണ ബില്ലുകളിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 70 | 2023-24 | ഉന്നത വിദ്യാഭ്യാസ വകുപ്പ് -പുനലൂർ | പി.റ്റി.എ ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ കോളേജ് പ്രിൻസിപ്പാളായ ഡോ: വി. അരുൺ വീഴ്ച വരുത്തിയതായി കണ്ടെത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 71 | 2023-24 | കൃഷി വകുപ്പ് - ശൂരനാട് വടക്ക് കൃഷി ഭവന്റെ അധികാരപരിധിയിലുള്ള പാടശേഖര സമിതികൾ | കാർഷിക ഉപകരണങ്ങളുടെ പരിപാലനത്തിൽ കൃഷി ഓഫിസർമാരുടെ വീഴ്ച കണ്ടെത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 72 | 2023-24 | ആയുഷ് വകുപ്പ് - കൊല്ലം ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസറുടെ കാര്യാലയം | ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസറുടെ ഔദ്യോഗിക വാഹനമായി കരാർ വ്യവസ്ഥയിൽ ഉപയോഗിക്കുന്ന ടയോട്ട എറ്റിയോസ് എന്ന വാഹനം യഥാർത്ഥത്തിൽ ഓടിയതിനേക്കാൾ അധികമായി 4841 കിമീ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയതായി കണ്ടെത്തി. അതിനാൽ കരാർ തുകയേക്കാൾ അധികമായി 51635/-രൂപ കരാറുകാരനു അനുവദിക്കുകയുണ്ടായി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| 73 | 2023–24 | ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, പക്ഷിരോഗ നിർണ്ണയശാല, തിരുവല്ല | തിരുവല്ല പക്ഷിരോഗ നിർണ്ണയശാലയ്ക്ക് അനുവദിച്ചിട്ടുള്ള മൃഗ സംരക്ഷണ വകുപ്പിന്റെ വാഹന ദുരുപയോഗം | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 74 | 2023–24 | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടറേറ്റ് | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടറേറ്റിൽ അനുവദനീയമായ കണക്റ്റഡ് ലോഡ് വൈദ്യുതിയേക്കാൾ കൂടുതൽ വൈദ്യുതി ഉപയോഗിച്ച് വൈദ്യുതി ചാർജ്ജിനത്തിൽ വൻ തുക ചെലവാക്കി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 75 | 2023–24 | ഏറാത്ത് ഗ്രാമ പഞ്ചായത്ത് | ഏറാത്ത് ഗ്രാമ പഞ്ചായത്തിൽ നിന്നും അനധികൃതമായി ഭിന്നശേഷി ആനുകൂല്യം കൈപ്പറ്റിവരുന്നു എന്ന ആരോപണത്തിന്മേലുള്ള പരിശോധന. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 76 | 2023–24 | കവിയൂർ ഗ്രാമ പഞ്ചായത്ത് കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി | കവിയൂർ ഗ്രാമ പഞ്ചായത്ത് കുടുംബശ്രീ വാർഷികത്തോടനുബന്ധിച്ച് നടത്തിയ ഭക്ഷണ വിതരണത്തിന്റെ നടത്തിപ്പിലെയും ധനവിനിയോഗത്തിലെയും ക്രമക്കേടുകൾ. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 77 | 2023–24 | പത്തനംതിട്ട വെണ്ണിക്കുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് | പത്തനംതിട്ട വെണ്ണിക്കുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട അനുവദിച്ച തുക നടപടിക്രമം പാലിക്കാതെ ദുരുപയോഗം ചെയ്യുന്ന പരാതി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 78 | 2023–24 | സാമൂഹ്യ സുരക്ഷാ മിഷൻ ഓഫീസ്, പൂജപ്പുര | സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന State Initiative on Disabilities പദ്ധതിയിലെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് പൂജപ്പുര State Initiative on Disabilities ഓഫീസിൽ നടത്തിയ പരിശോധന | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 79 | 2023–24 | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടറേറ്റ് | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ വിവിധ പരാതികളിന്മേൽ നടത്തിയ പരിശോധന. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 80 | 2023–24 | പത്തനംതിട്ട സബ് ട്രഷറി | പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസിലെ STSB അക്കൗണ്ടിൽ നീക്കിയിരിപ്പ് സംബന്ധിച്ച പത്തനംതിട്ട ജില്ലാ പരിശോധനാ സ്ക്വാഡ് നടത്തിയ പരിശോധന. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 81 | 2023–24 | പേരൂർക്കട എസ്. എ. പി. ക്യാമ്പിലെയും ക്യാമ്പിൽ പ്രവർത്തിക്കുന്ന യൂണിറ്റ് ആശുപത്രിയിലെയും വിവിധ ക്രമക്കേടുകളെ സംബന്ധിച്ച് | **1. 2006-07 വർഷത്തെ പോലീസ് സേന നവീകരണത്തിൽ ഉൾപ്പെടുത്തി പേരൂർക്കട എസ്.എ.പി. ക്യാമ്പിലെ യൂണിറ്റ് ആശുപത്രിയിലേക്ക് വാങ്ങിയ 15 ലക്ഷത്തിലധികം രൂപയുടെ ആശുപത്രി ഉപകരണങ്ങൾ ഉപയോഗശൂന്യമായി നശിച്ചുപോകുന്നു.**<br>**2. എസ്. എ. പി. ക്യാമ്പിലെ മരങ്ങൾ ലേലം ചെയ്ത് ലഭിച്ച തുകയായ 48,992/- രൂപ ട്രഷറിയിൽ അടക്കാതെ അഞ്ചുമാസക്കാലയളവിലധികം ഓഫീസിൽ സൂക്ഷിക്കുകയും** | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |

| | | | | |
|---|---|---|---|---|
| | | നടത്തിയ പരിശോധന | **നോട്ട് നിരോധനത്തെ തുടർന്ന് ഇതിൽ 48000/- രൂപ ഉപയോഗശൂന്യമാകുകയുമുണ്ടായി. ഈ വിഷയം സംബന്ധിച്ച ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവെങ്കിലും പ്രസ്തുത തുക നാളിതുവരെയായും സർക്കാരിലേക്ക് അടച്ചിട്ടില്ല.** | |
| 82 | 2023–24 | കൃഷി വകുപ്പിന് കീഴിലെ ട്രെയിനിംഗ് സെന്ററായ SAMETI എന്ന സ്ഥാപനത്തിന് നൽകേണ്ട 10 ലക്ഷം രൂപ അക്കൗണ്ട് നം. മാറി ക്രെഡിറ്റ് ആയത് സംബന്ധിച്ച് കൃഷി വകുപ്പ് ഡയറക്ടറേറ്റ്, SAMETI ട്രെയിനിംഗ് സെന്റർ, വികാസ് ഭവൻ സബ്ട്രഷറി, ട്രഷറി ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ നടത്തിയ പരിശോധന | **1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും SAMETI ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകേണ്ടിയിരുന്ന 10 ലക്ഷം അക്കൗണ്ട് നമ്പറിൽ മാറ്റം വരുത്തി സ്വകാര്യ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ BIMS ആപ്ലിക്കേഷനിലെ DDO ADMIN ലോഗിനിൽ നിന്നുമാണ് സർക്കാർ പ്ലാൻ ഫണ്ട് തുക വനജ എം.വി എന്ന സ്വകാര്യ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയത്.**<br>**2. ശ്രീമതി. വനജ എം.വിക്ക് മറ്റൊരാളുടെ കുടുംബപെൻഷൻ അനർഹമായി നൽകിയിട്ടുണ്ട്. മലബാർ മാർക്കറ്റ് കമ്പനിയിലെ പെൻഷണറായ ശ്രീ. എം. ദാമോദരന് നൽകേണ്ടിയിരുന്ന പെൻഷൻ ശ്രീമതി. വനജ എം.വി യുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്.** | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 83 | 2023–24 | ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ വിവിധ പർച്ചേയ്സുകളെ സംബന്ധിച്ച് നടത്തിയ പരിശോധന | **1. ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ 2011-16 വിവിധ കാലഘട്ടത്തിൽ വാങ്ങിയ ഉപകരണങ്ങൾ സർക്കാർ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് വലിയ വില കൊടുത്ത് വാങ്ങി സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടായി.**<br>**2. കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ കോടികണക്കിന് രൂപ ഓരോ ജില്ലയിൽ നിന്നും പിരിഞ്ഞുകിട്ടാൻ ശേഷിക്കുന്നുണ്ട്.** | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 84 | 2023–24 | വർക്കല നഗരസഭയിലെ SC ഫണ്ട് വിനിയോഗം സംബന്ധിച്ച പരിശോധന | വർക്കല നഗരസഭയിലെ പട്ടികജാതി വികസന ഓഫീസിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ | റിപ്പോർട്ട് നിയമസഭാ സമിതിക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| 85 | **2023–24** | ആലപ്പുഴ ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ ഓഫീസ് | കരാർ പ്രവൃത്തികളിലെ അപാകതകൾ | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 86 | **2023–24** | തദ്ദേശ സ്വയംഭരണ വകുപ്പ് / ഗോശ്രീ ഐലൻഡ് വികസന അതോറിറ്റി) | എറണാകുളത്ത് പ്രവർത്തിച്ച വരുന്ന ഗോശ്രീ ഐലന്റ് ഡവലപ്പ്മെന്റ് അതോറിറ്റി (GIDA) യിൽ ഉപയോഗിച്ച പോരുന്ന കെ.എൽ. 7 സി.ആർ. 8434 നമ്പർ വാഹനത്തിന്റെ ഇന്ധനം നിറയ്ക്കുന്നതിലെ ക്രമക്കേടും ലോഗ് ബുക്ക് പരിപാലനത്തിലുണ്ടായ പിഴവുകളും സംബന്ധിച്ച പരിശോധനയിൽ സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പാലിക്കാതെയാണ് വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലിച്ചതെന്ന് കണ്ടെത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 87 | **2023–24** | അഗ്നി രക്ഷാ വകുപ്പ്/ ഫയർ സ്റ്റേഷൻ മട്ടാഞ്ചേരി | എറണാകുളം റീജിയണൽ ഫയർ ഓഫിസിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി. ഒ. കെ. ഗിരിജയ്ക്ക് മട്ടാഞ്ചേരി അഗ്നിരക്ഷാനിലയത്തോട് അനുബന്ധിച്ചുള്ള ഫാമിലി ക്വാർട്ടേഴ്സ് 13.03.2019 മുതൽ അനധികൃതമായി അനുവദിച്ചിരിക്കുന്നുവെന്നുള്ള പരാതിയിന്മേൽ പരിശോധന നടത്തിയതിൽ ചട്ടപ്രകാരം അർഹതയില്ലാതെയാണ് ടിയാരിക്ക് ക്വാർട്ടേഴ്സ് അനുവദിച്ചതെങ്കിലും പിന്നീട് സർക്കാർ അത് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവെന്നു കണ്ടെത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| 88 | **2023 –24** | തദ്ദേശ സ്വയംഭരണ വകുപ്പ്/ രായമംഗലം പഞ്ചായത്ത് | എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ രായമംഗലം പഞ്ചായത്തിൽ പതിനാലാം വാർഡിൽ താമസിക്കുന്ന കാവനമാലി ആനി ചാക്കോ എന്ന വ്യക്തി തന്റെ ഭർത്താവിന് ഏകദേശം 17,000/- രൂപയോളം പെൻഷൻ ഉള്ളത് മറച്ച് വെച്ച് വരുമാന സർട്ടിഫിക്കറ്റ് ഉണ്ടാക്കിയാണ് വാർദ്ധക്യകാല പെൻഷന് അർഹയായതെന്നു ആരോപിച്ചുകൊണ്ടു ലഭിച്ച പരാതിയിന്മേൽ നടത്തിയ പരിശോധനയിൽ ശ്രീമതി. അച്ചാമ്മ ചാക്കോയുടെ ഭർത്താവ് ശ്രീ. കെ. പി. ചാക്കോ സർക്കാർ സേവനത്തിൽ നിന്നും വിട്ടുതൽ ചെയ്ത വ്യക്തിയും നിലവിൽ സ്റ്റാട്യൂട്ടറി പെൻഷൻ വാങ്ങുന്നയാളും ടിയാന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതലുമായതിനാൽശ്രീമതി. അച്ചാമ്മ ചാക്കോയുടെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതലും ടിയാരി എ.പി.എൽ വിഭാഗത്തിൽപ്പെടുന്നയാളുമാണെന്നതിനാൽ, കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിഞ്ഞിട്ടുള്ളവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ല എന്ന 23.09.2020 -ലെ എല്ലാ സ.ഉ (കൈ) നം.97/2020/ധന -യിലെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ടിയാരിക്കു സാമൂഹിക സുരക്ഷാ പെൻഷന് അർഹതയില്ല എന്നു കണ്ടെത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

അനുബന്ധം-1

# LAQ 4275
# 2021-22

| ക്രമ നം. | സാമ്പത്തിക വർഷം | പരിശോധന നടത്തിയ വകുപ്പ്/ സ്ഥാപനം. | കണ്ടെത്തിയ ക്രമക്കേടുകളുടെ സംക്ഷിപ്തം. | ക്രമക്കേട് നടത്തിയവർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം |
|---|---|---|---|---|
| 1 | 2021-22 | ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ(**ICFOSS)** | ICFOSS ലെ നിയമനങ്ങൾ സംബന്ധിച്ച സ്പെഷ്യൽ റൂൾ തയ്യാറാക്കുകയോ സർക്കാരിൽനിന്നുള്ള അനുമതി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ജോബ് കൺസൾട്ടൻസി കമ്പനിയിൽ നിന്നും (AVON Facility Management Services) സപ്പോർട്ട് സ്റ്റാഫായി നിയമിച്ചവരെ ക്രമ വിരുദ്ധമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും അവർക്ക് വേതന വർദ്ധനവ് അനുവദിക്കുകയും ചെയ്തു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 2 | 2021-22 | KSRTC ചീഫ് ഓഫീസ് കിഴക്കേക്കോട്ട , തിരുവനന്തപുരം | എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് പൊതുജനങ്ങളുടെ ആവശ്യത്തിലേക്കായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിലെ സാങ്കേതിക പിഴവുകളും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ ഗുരുതരമായ കൃത്യവിലോപവും വീഴ്ചയും ഉണ്ടായതു കാരണം ഉപയോഗ ശൂന്യമായ കെട്ടിടം നിർമ്മിച്ചതിലൂടെ സർക്കാരിനുണ്ടായ 1,39,53,244/- രൂപയുടെ നഷ്ടം വിജിലൻസ് അന്വേഷണത്തിന്റെ കൂടി അടിസ്ഥാനത്തിൽ KSRTC ചീഫ് എഞ്ചിനീയർ ശ്രീമതി.ആർ.ഇന്ദു വിൽ നിന്നും ഈടാക്കുന്നതിനു ശുപാർശ ചെയ്തു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 3 | 2021(11-10-21) | കാഷ്യുവർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (CAPEX) | തോട്ടണ്ടി വാങ്ങിയതിലെ ക്രമക്കേടുകാരണവും, മാനേജിങ് ഡയറക്ടർ സസ്പെൻഷൻ കാലയളവിൽ ഉപജീവന ബത്ത അധികമായി കൈപ്പറ്റിയതുകരണവും കാപ്പക്സിന് നഷ്ടമുണ്ടായി . | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 4 | 2021-22 | **റവന്യൂ വകുപ്പ്, കളക്ട്രേറ്റ്, എറണാകുളം - (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള തുക വിനിയോഗം** | പ്രളയധനസഹായം അനുവദിക്കുന്നതിനുള്ള ഗുണഭോക്തൃപട്ടികയിൽ അനധികൃതമായി പേര് വിവരങ്ങൾ ഉൾപെടുത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | സംബന്ധിച്ച്) | | |
| 5 | 2021-22 | തൃശ്ശൂർ, ചാലക്കുടി, തലപ്പിള്ളി, ചാവക്കാട്, കുന്നംകുളം, മുകുന്ദപുരം എന്നീ താലൂക്ക് ഓഫീസുകൾ | 2018 -ലെ പ്രളയ ദുരിതാശ്വാസ ധനസഹായ വിതരണത്തിൽ ഇരട്ടിപ്പ് ഉൾപ്പടെയുള്ള അപാകതകൾ കണ്ടെത്തി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| 6 | 2021-22 | ഭൂജലവകുപ്പ് ഡയറക്ടേറ്റ് | ഓഫീസ് രജിസ്റ്ററുകളിൽ ധാരാളം പിശകുകളും വെട്ടിത്തിരുത്തുകളും നോട്ടപ്പിശകും അശ്രദ്ധയും കണ്ടെത്തി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| 7 | 2021-22 | തൃശ്ശൂർ കളക്ടേറ്റ്, തൃശ്ശൂരിലെ വിവിധ താലൂക്ക് ഓഫീസുകൾ | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ധനസഹായ വിതരണത്തിൽ ഇരട്ടിപ്പ് ഉൾപ്പടെയുള്ള അപാകതകൾ കണ്ടെത്തി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| 8 | 2021-22 | കെയ്കോ, തൊടുപുഴ | അക്രഡിറ്റഡ് ഏജൻസികൾ പ്രവൃത്തികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 'Industrial Building works as PMC' ആയി മാത്രം അക്രഡിറ്റേഷൻ ഉള്ള കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിനെ തങ്ങൾക്ക് അക്രഡിറ്റേഷൻ ഇല്ലാത്ത റോഡ്, കെട്ടിടങ്ങളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ ഏൽപ്പിക്കുകയും അക്രഡിറ്റഡ് ഏജൻസികൾക്ക് സെന്റേജ്/കൺസൾട്ടൻസി ചാർജ്ജ് അനുവദിക്കുമ്പോൾ കോൺട്രാക്ടേഴ്സ് പ്രോഫിറ്റ്, ടെണ്ടർ എക്സസ്, ഓവർ ഹെഡ് ചാർജ്ജ് എന്നിവ അനുവദനീയമല്ല എന്ന നിർദ്ദേശത്തിന് വിരുദ്ധമായി കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കിയ LAC-ADS പ്രവൃത്തികൾക്ക് ടി എസ്റ്റിമേറ്റുകളിൽ contractors profit (CP), Over Head Charge (OH) എന്നിവ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും 5,00,000/- രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖാന്തിരമാണ് നിർവ്വഹിക്കേണ്ടത് എന്ന നിർദ്ദേശത്തിന് വിരുദ്ധമായി കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എം പാനൽ ചെയ്ത കരാറുകാരിൽ നിന്നും ടെണ്ടർ ക്ഷണിച്ചാണ് പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തിരിക്കുന്നതെന്നും കണ്ടെത്തുകയുണ്ടായി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| 9 | 2021-22 | കൃഷി വകുപ്പ്<br>സ്റ്റേറ്റ് വെജിറ്റബിൾ ഫാം, വണ്ടിപ്പെരിയാർ | ഫാം ടൂറിസം പദ്ധതി നടത്തിപ്പിനായി 11/01/2019 ൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം റീജിണൽ എഞ്ചിനീയറും സംസ്ഥാന പച്ചക്കറിത്തോട്ടം വണ്ടിപ്പെരിയാർ ഫാം സൂപ്രണ്ടും തമ്മിൽ 64 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് കരാറിൽ ഏർപ്പെടുകയുണ്ടായി. പ്രസ്തുത എം.ഒ.യു പ്രകാരം പ്രവൃത്തി എം.ഒ.യു വിൽ ഏർപ്പെട്ട് 6 മാസത്തിനകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ടി പ്രവൃത്തികൾ 2021 ഫെബ്രുവരി മാസത്തിൽ മാത്രമാണ് പൂർത്തീകരിച്ചത്. സമയബന്ധിതമായി പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പി.ഡബ്ല്യു.ഡി മാന്വൽ നിഷ്കർഷിക്കുന്ന പിഴ ഈടാക്കിയിട്ടില്ല. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| 10 | 2021-22 | തദ്ദേശ സ്വയംഭരണ വകുപ്പ്<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം LID & EW അഴുത സബ് ഡിവിഷൻ | 1. അഴുത ബ്ലോക്ക് പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ നിർമ്മാണം നടത്തിയ 15 കാർഷിക വിപണന കേന്ദ്രങ്ങൾ/വനിതാ വിപണന കേന്ദ്രങ്ങൾ ഗുണഭോക്താക്കൾക്ക് കൈമാറാതെ നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുകയാണ് എന്നും കണ്ടെത്തുകയുണ്ടായി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | 2. അഴുത ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20, 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികളിൽ റിവൈസൈഡ് എസ്റ്റിമേറ്റുകൾ തയ്യാറാക്കാതെ ബില്ലുകൾ തയ്യാറാക്കിയിട്ടുള്ളതായും പൂർത്തീകരിച്ച പ്രവൃത്തികളിൽ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമല്ലാതെയും, പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളിൽ നെയിം ബോർഡ് സ്ഥാപിക്കാതെയും സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് നിയമാനുസരണം ഈടാക്കേണ്ട പിഴ ഈടാക്കാതെയും സമയബന്ധിതമായി ഉടമ്പടിയിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കാതെയും കരാർ ഉടമ്പടിയിൽ ഏർപ്പെടാതെ പ്രവൃത്തികൾ നടപ്പിലാക്കിയതായും കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകാതെയും കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണി ചട്ടങ്ങൾ) -ലെ നിർദ്ദേശങ്ങൾ, പദ്ധതി മാർഗ്ഗ രേഖയിലേയും നിർദ്ദേശങ്ങൾ പാലിക്കാതെയും പ്രവൃത്തി നിർവ്വഹിച്ചതായി കണ്ടെത്തുകയുണ്ടായി. | |
| **11** | 2021-22 | പറവൂർ വില്ലേജ് ഓഫീസ്, അമ്പലപ്പുഴ താലൂക്ക് ഓഫീസ് , ആലപ്പുഴ ജില്ല. | പറവൂർ വില്ലേജ് ഫീൽഡ് അസിസ്റ്റന്റായ ശ്രീ.എച്ച്. അഫ്സൽ സർക്കാരിനെ കബളിപ്പിച്ച് കൈക്കലാക്കിയ 6,00,402/- (ആറു ലക്ഷത്തി നാന്നൂറ്റി രണ്ട്) രൂപയിൽ 1,70,473/- ( ഒരു ലക്ഷത്തി എഴുപതിനായിരത്തി നാന്നൂറ്റി എഴുപത്തിമൂന്ന്) രൂപ ഇനിയും സർക്കാർ ഖജനാവിലേയ്ക്കു തിരിച്ചടയ്ക്കുവാനുണ്ട്. പറവൂർ വില്ലേജ് ഓഫീസിലെ ഒടുക്കു വിവരങ്ങൾ സർക്കാർ നിബന്ധനകൾക്ക് അനുസൃതമായി നിരീക്ഷിക്കുന്നതിൽ മേൽനോട്ടപ്പിഴവ് വരുത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| **12** | 2021-22 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ വ്യവസായ വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിന്മേലുള്ള പരിശോധന | 1. ലോൺ തുക സംരംഭത്തിനായി ഉപയോഗിക്കാത്തതും സംരംഭം ആരംഭിക്കാത്തതുമായി റിപ്പോർട്ടിൽ പരാമർശിച്ച 9 സംഘങ്ങളിൽ നിന്ന് ആകെ 18,62,500/- രൂപ തിരികെ ഈടാക്കി സർക്കാർ അക്കൗണ്ടിൽ അടക്കേണ്ടതാണ്.<br>2. ലോൺ തുക ചെലവഴിക്കുന്നതിൽ കാലതാമസം ഉണ്ടായ മൂന്ന് സംഘങ്ങൾക്ക് അനുവദിച്ച സബ്സിഡി തുക നിഷ്ക്രിയമായി കൈവശം വച്ച കാലയളവിലെ 18% പലിശ തുകയായ 88,718/- രൂപ വ്യവസായ വികസന ഓഫീസറിൽ നിന്നും അതാതു സംഘങ്ങളിൽ നിന്നും തുല്യമായി ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.<br>3. സബ്സിഡി മാനദണ്ഡങ്ങൾ മറികടന്നു തുക അധികമായി അനുവദിച്ച രണ്ട് സംഘങ്ങളിൽ നിന്നും അധികം അനുവദിച്ച സബ്സിഡി തുകയായ 1,00,000/- രൂപ (50,000/- രൂപ വീതം) തിരികെ ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.<br>4. പരിശീലന പദ്ധതികളിൽ പരിശീലനാർത്ഥികളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 10% വിഹിതമായ 62,500/- രൂപ ഈടാക്കാത്ത സാഹചര്യത്തിൽ 62,500/- രൂപ വ്യവസായ വികസന ഓഫീസറായ സതീശൻ കോടഞ്ചേരിയിൽ നിന്നും ഈടാക്കേണ്ടതാണ്.<br>5. ചട്ടവിരുദ്ധമായി സർക്കാർ ഖജനാവിൽ നിന്നും ഭീമമായ തുക ചെലവഴിച്ചതിനാൽ ശ്രീ. സതീശൻ കോടഞ്ചേരിക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.<br>6. ഖണ്ഡിക VII ൽ പ്രതിപാദിച്ച 14 സംഘങ്ങളുടെ നിലവിലെ പ്രവർത്തനം മോണിറ്ററിംഗ് സമിതി | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | പരിശോധിച്ച ഭരണ സമിതിയുടെ അംഗീകാരത്തോടു കൂടിയ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാ | |
| **13** | 2021-22 | കൊളച്ചേരി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി കണ്ണൂർ പ്രോജക്ട് ഡിവിഷനിൽ നടത്തിയ പരിശോധന | 1. വെളിയമ്പ്രയിലുള്ള കിണറിൽ നിന്ന് കൊളച്ചേരി പദ്ധതിക്കായി നിലവിൽ 13.7 MLD വെള്ളം പാടിക്കുന്നിലുള്ള ജല സംഭരണയിലെത്തിക്കുന്ന D1K 9400 mm ഗ്രാവിറ്റി മെയിൻ പൈപ്പുമായാണ് പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നുള്ള 4 MLD ജല നിർഗമന പൈപ്പ് ലൈൻ ബന്ധിപ്പിയ്ക്കാൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് തന്നെ പാവന്നൂർ മൊട്ടയിൽ നിന്ന് കൊളച്ചേരി പദ്ധതിയുടെ പ്രധാന ജലവിതരണ ടാങ്കിലേക്ക് ബന്ധിപ്പിക്കുന്ന പൈപ്പ് ലൈനിനു രണ്ടു സ്രോതസ്സുകളിൽ നിന്നും ലഭ്യമാക്കുന്ന വെള്ളം ഒരേ സമയം ഉൾക്കൊള്ളാൻ ശേഷിയുണ്ടോ എന്നത് സാങ്കേതികമായി പരിശോധിച്ചിട്ടില്ല.<br>2. മട്ടന്നൂർ - ഇരിട്ടി പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ ഒൻപതു കോടി രൂപയോളം അധിക ബാധ്യത വരുന്ന പുതിയ വ്യതിചലന നിർദ്ദേശത്തിലൂടെ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ അവസ്ഥ എന്തായിരിക്കും എന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല.<br>3. നിലവിൽ ഉദ്ദേശിക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ പൂർത്തീകരണ കാലാവധി പ്രൊജക്ട് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| **14** | 2021-22 | പാനൂർ വിദ്യാഭ്യാസ ഉപജില്ലയിലെ ഈസ്റ്റ് വള്ള്യായി എയ്ഡഡ് യു.പി സ്കൂളിലെ പരിശോധന | ബാങ്ക് അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു. നിലവിൽ ഒരു പദ്ധതിക്കും ഉപയോഗിക്കാൻ പറ്റാത്ത നീക്കിയിരിപ്പ് തുകകളും ബാങ്ക് പലിശയും ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരിച്ചടക്കുവാൻ ശിപാർശ ചെയ്തിരിക്കുന്നു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 15 | 2021-22 | SPARK (PMU) ഓഫീസിൽ നടത്തിയ പരിശോധന | എം-പാനൽ ലിസ്റ്റ് നിലവിലുള്ളപ്പോൾ കാസർഗോഡ് ജില്ലാ ട്രഷറിയിൽ നിന്നും വിരമിച്ച ശ്രീ. ഒ.കെ.പുരുഷോത്തമൻ എന്നയാളെ മാസ്റ്റർ ട്രെയിനർ ആയി കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത് സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചല്ല. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 16 | 2021-22 | SPARK (PMU) ഓഫീസിൽ നടത്തിയ പരിശോധന | ശ്രീമതി വിദ്യ. ആർ. വി യുടെ മാസ്റ്റർ ട്രെയിനർ ആയുള്ള നിയമനത്തിൽ കരാർ നിയമനങ്ങളിൽ പാലിക്കേണ്ട പൊതുവായ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 17 | 2021-22 | SIMC (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്) പാങ്ങപ്പാറ, തിരുവനന്തപുരം | ക്യാഷ്ബുക്ക് ഉൾപ്പെടെയുള്ള രേഖകളിൽ തിരുത്തൽ വരുത്തിയിട്ടുണ്ട്, വരവ് ചെലവുകൾ സംബന്ധിച്ചുള്ള രസീതുകൾ, വൗച്ചറുകൾ, ബില്ലുകൾ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമല്ല. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 18 | 2021-22 | വനം വകുപ്പ് ഹെഡ്ക്വാർട്ടേഴ്സ് തിരുവനന്തപുരം | അക്കൗണ്ടന്റ് ജനറലിന്റെ ഇലക്ട്രോണിക് പേസ്ലിപ്പ് അറ്റസ്റ്റേഷൻ കൂടാതെ വനംവകുപ്പിലെ ഗസറ്റഡ് ജീവനക്കാർ ക്രമരഹിതമായി ശമ്പളം മാറിയെടുത്തു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| 19 | 2021-22 | SPARK PMU | സ്പാർക്ക് പി.എം.യു വകുപ്പിൽ നടന്ന ക്രമക്കേട്. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 20 | 2021-22 | 1. സൈനികക്ഷേമ വകുപ്പ്<br>2. N.C.C വകുപ്പ് | 1. N.C.C വകുപ്പിലെ ജീവനക്കാർക്ക് അനധികൃതമായി 01/04/2019 തീയതി മുതൽ 31/07/2021 വരെ ട്രാവലിംഗ് അലവൻസ് / LTC ഇനത്തിൽ 5,22,963/- രൂപ അനുവദിച്ചു.<br>2. സൈനിക ക്ഷേമവകുപ്പിലെ ജീവനക്കാർക്ക് അനധികൃതമായി 01/04/2019 തീയതി മുതൽ 31/07/2021 തീയതി വരെ ട്രാവലിംഗ് അലവൻസ് / LTC ഇനത്തിൽ 21,967/- രൂപ അധികമായി അനുവദിച്ചു. | എൻ.സി.സി. വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. സൈനീക ക്ഷേമവകുപ്പ് ശിപാർശ അനുസരിച്ചുള്ള 21,967/- രൂപ തിരികെ ഈടാക്കിയിട്ടുണ്ട്. |
| 21 | 2021-22 | കണ്ണൂർ ജില്ലാ കളക്ടറേറ്റിലും താലൂക്ക് ഓഫീസിലെയും പരിശോധന | 1. കാഷായി ലഭിക്കുന്ന സംഭാവന കൈപ്പറ്റി ആയത് ലഭ്യമായ ക്യാഷ് ഓപ്ഷനിൽ എൻട്രി വരുത്താനുള്ള അനുമതിയില്ല.<br>2. കലക്ടേറ്റ്, താലൂക്ക് ഓഫീസ്, ഓൺലൈൻ പോർട്ടൽ എന്നിവ വഴി അല്ലാതെ ബാങ്കിങ്ങ് പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് സംഭാവന നൽകുന്ന വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് രസീത് ലഭ്യമാക്കുന്നതിനുള്ള സംവിധാനമില്ല.<br>3. ഇ ഫണ്ട്സ് സോഫ്റ്റ് വെയറിൽ ഡാറ്റ എൻട്രി ചെയ്യുന്ന തിയതി സോഫ്റ്റ് വെയറിലെ വിശദാംശങ്ങളിൽ ലഭ്യമല്ല. ആയതുകൊണ്ട് സംഭാവന ലഭിക്കുന്ന ദിവസം തന്നെ സോഫ്റ്റ് വെയറിൽ എൻട്രി വരുത്തുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താനാവില്ല.<br>4. ദുരിതാശ്വാസ നിധിയിലേക്കുള്ള മുഴുവൻ സംഭാവനകളും ഇ-ഫണ്ട്സ് സോഫ്റ്റ്വെയറിൽ എൻട്രി വരുന്നുവെന്ന് ഉറപ്പുവരുത്താനാവുന്നില്ല.<br>5. റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ഇ-ഫണ്ട്സ് രേഖപ്പെടുത്തലുകളിൽ ഇരട്ടിപ്പ് വന്നതായി കണ്ടെത്തി യിട്ടുണ്ട്. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 22 | 2021–22 | റവന്യൂ വകുപ്പ് – പാലക്കാട് കളക്ടറേറ്റ് | പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള ധനസഹായത്തിലെ ഇരട്ടിപ്പുമായി ബന്ധപ്പെട്ട് CMDRF അക്കൗണ്ടിൽ നിന്നും 6,07,600/– രൂപ അധികമായി ചെലവഴിച്ചതായി കണ്ടെത്തി. | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 23 | 2021–22 | വിനോദസഞ്ചാര വകുപ്പ് – കോഴിക്കോട് DTPC കാര്യാലയം | മ്യൂസിക്കൽ കഫേ എന്ന സ്ഥാപനം വാടക നൽകാതെ അനധികൃതമായി പ്രവർത്തിക്കുക വഴി DTPC–ക്ക് 6,63,000/– രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 24 | 2021–2022 | താലൂക്ക് സപ്ലൈ ഓഫീസ് ഹോസ്ദുർഗ് കാസർഗോഡ് | കാസർഗോഡ് ജില്ലയിൽ കോവിഡ് കാലത്തെ റേഷൻ ക്രെഡിറ്റ് സെയിൽ ഇനത്തിൽ ചില്ലറ വ്യാപാരികൾ ഹോസ്ദുർഗ് കാസർഗോഡ് എന്നീ താലൂക്ക് സപ്ലൈ ഓഫീസുകളിൽ യഥാക്രമം 5,98,261/- രൂപ, 2,49,327/- രൂപ തിരിച്ച് അടയ്ക്കാനുണ്ട്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 25 | 2021–2022 | കുമ്പള ഗ്രാമപഞ്ചായത്ത്, കാസർഗോഡ് മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് കാസർഗോഡ് | ഔദ്യോഗിക വാഹനത്തിന്റെ ദുരുപയോഗം | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 26 | 2021–2022 | കൊന്നക്കാട് പി.എച്ച്.സി, വെള്ളരിക്കുണ്ട് പി.എച്ച്.സി, കാസറഗോഡ് | കൊന്നക്കാട് പി.എച്ച്.സിയിൽ നടപ്പിലാക്കിയ മെയിന്റനൻസ് ഓഫ് റൂഫ് വർക്സ് എന്ന പ്രവർത്തിയുടെ ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.<br><br>വെള്ളരിക്കുണ്ട് പി.എച്ച്.സിയിൽ പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തിയിട്ടില്ല. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 27 | 2021–2022 | കാസർഗോഡ് ജില്ലാ പഞ്ചായത്ത്, കാസർഗോഡ് ജില്ലാ മൃഗസംരക്ഷണ ഓഫീസ്, ജില്ലാ വെറ്ററിനറി സെന്റർ അണങ്കൂർ, ABC സെന്റർ തായിലങ്ങാടി, കാസറഗോഡ്. | Animal Birth Control (ABC) പദ്ധതിയുമായി ബന്ധപ്പെട്ട് ശസ്ത്രക്രിയയ്ക്ക് വിധേയമായ നായ്ക്കളെ ശസ്ത്രക്രിയാനന്തരം പാർപ്പിക്കുന്നതിലും, പരിചരിക്കുന്നതിലും സംഭവിക്കുന്ന അനാസ്ഥ. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 28 | 2021–2022 | പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,കാസർഗോഡ് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം കാഞ്ഞങ്ങാട് | കാസർഗോഡ് ജില്ലയിലെ ഗവ.ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിലും, ഒഴിഞ്ഞുകിടക്കുന്നക്വാർട്ടേഴ്സ് അനുവദിക്കുന്നതിലുമുള്ള വീഴ്ച. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 29 | 2021–2022 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, വയനാട് | ഗോൾഡൻ കോഫി ക്യൂറിങ്ങ്സ് സ്ഥാപനം ആരംഭിക്കുന്നതിനായി വയനാട് ജില്ലയിലെ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും ശ്രീ.രവീന്ദ്രൻ, തടത്തിൽ വീട്, മൂലങ്കാവ് എന്ന വ്യക്തിഎടുത്ത വായ്പയുടെ തിരിച്ചടവ് മുടങ്ങിയതിനെ തുടർന്നുള്ള ലേല നടപടികളിലെ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | അപാകതകൾ. | |
| 30 | 2021-2022 | വയനാട് ജില്ലാ മൃഗസംരക്ഷണ ഓഫീസ്, മാനന്തവാടി വെറ്റിനറി ക്ലിനിക്ക് | മാനന്തവാടി വെറ്റിനറി പോളിക്ലിനിക്കിലെ വെറ്റിനറി സർജൻ ശിപാർശ ചെയ്ത് ജില്ലാ ഓഫീസിലേക്ക് അയച്ച പ്രളയ ദുരിദാശ്വാസം അനുവദിച്ച 6 അപേക്ഷകളിലെ ന്യൂനതകൾ. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 31 | 2021-2022 | കോട്ടത്തറ ഗ്രാമ പഞ്ചായത്ത്, വയനാട് | വലിയകുന്ന് എസ്.സി കോളനിയിൽ അംബേദ്കർ ഗ്രാമ പദ്ധതിയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ മുൻഗണനാലിസ്റ്റ് പ്രകാരം ലൈബ്രറി നിർമ്മിക്കുക, അംഗൻവാടി നവീകരിക്കുക എന്നീ പ്രവർത്തികൾ നടത്തണമെന്നാണ്. എന്നാൽ നിലവിലെ അംഗൻവാടി കെട്ടിടം പൊളിച്ചുമാറ്റി അംഗൻവാടിയും കൾച്ചറൽ സെന്ററും രണ്ട് നിലയിലായി പണി കഴിപ്പിച്ചു. mobilization advance ആയി 50%തുക അനുവദിച്ചു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 32 | 2021-2022 | പൊതുമരാമത്ത് നിരത്ത് വിഭാഗം ഡിവിഷൻ, സബ്-ഡിവിഷൻ, സെക്ഷൻ ഓഫീസുകൾ, കാസറഗോഡ് ജില്ല. | കാസർഗോഡ് ജില്ലയിലെ വിവിധ റോഡ് പ്രവർത്തികളിൽ ഗുണനിലവാര കുറവ്.<br><br>കാസർഗോഡ് ജില്ലയിലെ ക്വാളിറ്റി കൺട്രോൾ വിഭാഗം സാമ്പിൾ പരിശോധിക്കുന്നതിലെ കാലതാമസം ഒരേ റോഡിലെ ഒരുമിച്ച് ചെയ്യാവുന്ന പല പ്രവർത്തികളും വിഭജിച്ച് പല റീച്ചുകളായി നടപ്പിലാക്കുന്നു. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 33 | 2021-2022 | കാസർഗോഡ് ജില്ലാ കളക്ടറേറ്റ് | ഔദ്യോഗിക വാഹനത്തിന്റെ ദുരുപയോഗം. ശ്രീ. രവികമാർ.കെ ഡെപ്യൂട്ടി കളക്ടറിൽ നിന്നും 15,232/- രൂപ ഈടാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട് | ശ്രീ. രവികുമാർ.കെ ഡെപ്യൂട്ടി കളക്ടറിൽ നിന്നും 15,232/- രൂപ ഈടാക്കി |
| 34 | 2021-2022 | കാസർഗോഡ് ജില്ലയിലെ താലൂക്ക് ഓഫീസുകൾ, സബ്-ട്രഷറികൾ. | 2018-ലെ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ആവാത്ത സാഹചര്യം, ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന തുകയിൽ കൂടുതൽ അനുവദിക്കുക, ചെറിയ തകരാറിന് പോലും വലിയ തുക അനുവദിക്കുക എന്നീ ക്രമക്കേടുകൾ | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 35 | 2021-22 | ആരോഗ്യവും കുടുംബ ക്ഷേമവും വകുപ്പ് / KHRWS | KHRWS മുൻ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. ജി. അശോക് ലാൽ, സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി സർക്കാർ അനുമതിയില്ലാതെ വിമാന യാത്ര അന്യസംസ്ഥാന യാത്രകൾ നടത്തി. യാത്രാപ്പടികൾ മാസ സീലിംഗുകൾ ലംഘിച്ചു കൈപ്പറ്റി. പ്രസ്തുത ചട്ട ലംഘനം ഫിനാൻസ് ഓഫീസർ ചൂണ്ടിക്കാട്ടിയെങ്കിലും അത് അവഗണിച്ചുകൊണ്ട് വീണ്ടും ഇപ്രകാരം തുകകൾ കൈപ്പറ്റി കോർപ്പറേഷൻ നയങ്ങൾക്ക് വരുദ്ധമായി ഇൻസെന്റീവുകൾ കൈപ്പറ്റി. കോർപ്പറേഷൻ ഡയറി അച്ചടിയുമായി ബന്ധപ്പെട്ട് വിവിധ സാമ്പത്തിക ക്രമക്കേടുകൾ നടത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 36 | 2021 | ലോട്ടറി വകുപ്പ് / കേരള സംസ്ഥാന ലോട്ടറി വകുപ്പ് ഡയറക്ടറുടെ കാര്യാലയം | ലോട്ടറി വിതരണത്തിനായി യാത്ര നടത്തിയ വാഹനത്തിന് പകരം യാത്ര നടത്താത്ത വാഹനത്തിന്റെ നമ്പർ കാണിച്ച് ജീവനക്കാർ അനർഹമായി യാത്രാനുകൂല്യങ്ങൾ കൈപ്പറ്റി.<br><br>വാഹന കരാറുകാരനുമായി ചേർന്ന് ചട്ടങ്ങൾ മറികടന്ന്, സർക്കാർ സംവിധാനങ്ങളെ ദുരുപയോഗം ചെയ്തും ജീവനക്കാർക്ക് അധിക യാത്രാപ്പടി നൽകുക വഴി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കി.<br><br>2010-11 മുതൽ 2017-18 സാമ്പത്തിക വർഷങ്ങളിൽ വാഹനങ്ങളിൽ ലോട്ടറി വിതരണം ചെയ്യുന്ന പ്രവൃത്തികളിൽ പങ്കാളികളായ ജീവനക്കാർക്ക് 11,77,080/-രൂപ അനുവദിച്ചു. (ഒരു യാത്രയ്ക്ക് പരമാവധി 4 ഡി.എ യ്ക്ക് ആണ് അർഹത.) | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 37 | 2021-22 | സ്റ്റേഷനറി വകുപ്പ് / സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയം | 2019-20 വർഷത്തെ മൂല്യ നിർണ്ണയം കഴിഞ്ഞ ഉത്തരക്കടലാസുകളുടെ ദർഘാസിൽ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയിരുന്ന ശ്രീ. പി. രാജൻ (കേരള വേസ്റ്റ് പേപ്പർ സ്റ്റോഴ്സ്) യഥാസമയം പാഴ്ക്കടലാസുകൾ നീക്കം ചെയ്യാത്തതിനെ തുടർന്ന് 75,60,575/- രൂപ ബാധ്യതായി. (ടിയാൻ മരണപ്പെട്ടു.). | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 38 | 2021-22 | മൃഗസംരക്ഷണ വകുപ്പ് / മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ കാര്യാലയം | മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ ധന വിനിയോഗവുമായി ബന്ധപ്പെട്ട ഫയലുകൾ ഫിനാൻസ് ഓഫീസറുടെ അഭിപ്രായം തേടാതെ അംഗീകരിക്കുന്നു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 39 | 2021 - 22 | പൊതുവിദ്യാഭ്യാസ വകുപ്പ് / തിരുവനന്തപുരം പരീക്ഷാ ഭവൻ | ഉന്നത ഉദ്യോഗസ്ഥരുടെ അഭാവവും ഭരണപരമായ പരിചയക്കുറവും മൂലം സാമ്പത്തികമായി പല ക്രമക്കേടുകളും വീഴ്ചകളും തുടർച്ചയായി സംഭവിക്കുന്നു. വ്യവസ്ഥകൾ പാലിക്കാതെ അഡ്വാൻസുകൾ അനുവദിക്കുന്നു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 40 | 2021 - 22 | വ്യവസായ വകുപ്പ് / മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് / | ചട്ട വിരുദ്ധമായി പർച്ചേയ്സുകൾ നടത്തി, നികുതി വെട്ടിപ്പ് നടത്തി, സ്ഥാപനം നഷ്ടത്തിലാകാൻ ബോധപൂർവ്വം സാഹചര്യമൊരുക്കി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| 41 | 2021 – 22 | വ്യവസായ വകുപ്പ് /കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറുടെ കാര്യാലയം | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല എന്നാൽ റിബേറ്റ് അനുവദിക്കുന്ന രീതിയിൽ ക്രമക്കേട് നടത്തുവാനുള്ള സാധ്യത നിലനിൽക്കുന്നതായി കണ്ടെത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 42 | 2021-22 | പൊതുവിദ്യാഭ്യാസ വകുപ്പ് / GHSS ഒതുക്കുങ്ങൽ | സ്പാർക് ബില്ലിൽ അക്കൗണ്ട് നമ്പർ തിരുത്തി ആധ്യാപകർക്ക് നൽകേണ്ട തുകകൾ ക്ലർക്ക് സ്വന്തം അക്കൗണ്ടിലേക്കു മാറ്റി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 43 | 2021-22 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് -കേരള/ ഐ.ടി വകുപ്പ് | ട്രഷറിയിൽ സൂക്ഷിച്ചിരിക്കുന്ന തുക പിൻവലിച്ച് വാണിജ്യ /സഹകരണബാങ്കിൽ നിക്ഷേപിക്കാൻ പാടില്ലായെന്ന വ്യവസ്ഥ ലംഘിച്ച് 50 കോടി രൂപ ചട്ടവിരുദ്ധമായി ട്രഷറിയിൽനിന്ന് പിൻവലിച്ച് വാണിജ്യ ബാങ്കിൽ നിക്ഷേപിച്ചു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 44 | 2021-22 | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്/ സാംസ്കാരികകാര്യ വകുപ്പ് | 2015-16 മുതൽ 2018-19 വരെ ആദായ നികുതി യഥാവിധി ഫയൽ ചെയ്യാത്തതിനാലും നികുതി തുക ഒടുക്കാത്തതിനാലും പിഴയായും പലിശയിനത്തിലും 1,65,612 /- രൂപ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഒടുക്കേണ്ടതായി വന്നു. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 45 | 2021-22 | തൃശ്ശൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ഓഫീസ് / ടൂറിസം വകുപ്പ് | യാതൊരു നടപടിക്രമങ്ങളും പാലിക്കാതെയും സർക്കാർ അനുമതി വാങ്ങാതെയും മറ്റു ഡി.ടി.പി.സി. കളിലൊന്നും ഇല്ലാത്ത ജനറൽ മാനേജർ എന്ന തസ്തിക സൃഷ്ടിച്ച് അതിനുവേണ്ട അടിസ്ഥാന വിദ്യാഭ്യാസയോഗ്യതകൾ പോലും നിശ്ചയിക്കാതെയും അപേക്ഷ ക്ഷണിക്കുകയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുകയോ ചെയ്യാതെയും തൃശ്ശൂർ ഡി.ടി.പി.സി. യുടെ എക്സിക്യൂട്ടീവ് കമ്മറ്റി തന്നിഷ്ട പ്രകാരം പ്ലസ് ടു, KGCE യോഗ്യതകൾ മാത്രമുള്ള ശ്രീ.എൻ.ആർ.രവിചന്ദ്രനെ ജനറൽ മാനേജർ എന്ന തസ്തികയിൽ നിയമിച്ചു. | ശ്രീ.എൻ.ആർ.രവിചന്ദ്രനെ സേവനത്തിൽ നിന്ന് പിരിച്ചുവിടാൻ ശിപാർശ ചെയ്തു. ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 46 | 2021-22 | ജില്ലാ ട്രഷറികൾ/ധനകാര്യ വകുപ്പ് | ട്രഷറി പണമിടപാട് സംബന്ധിച്ച ചട്ടങ്ങൾ ലംഘിച്ച് പണമിടപാട് നടത്തി | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 47 | 2021-22 | കേരള വിശ്വബ്രാഹ്മണ സമൂഹം /നികുതി വകുപ്പ് | തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽ വിശ്വബ്രാഹ്മണ സമൂഹം കേരള എന്ന സംഘത്തിന്റെ റിട്ടേൺസ് ഫയൽ ചെയ്തിട്ടില്ല. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 48 | 2021-22 | ഗവ. അങ്ങാടിക്കൽ എൽ.പി. സ്കൂൾ | ഗവ. അങ്ങാടിക്കൽ എൽ.പി. സ്കൂളിൽ നടത്തിയ മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട ക്രമക്കേട് | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| 49 | 2021-22 | അടൂർ, കോന്നി, മല്ലപ്പള്ളി, റാന്നി, കോഴഞ്ചേരി താലൂക്ക് ഓഫീസുകൾ | 2018-ലെ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട ധനസഹായ വിതരണത്തിലെ അപാകതകൾ | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 50 | 2021-22 | തിരുവല്ല താലൂക്ക് ഓഫീസ് | 2018-ലെ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് ധനസഹായ വിതരണത്തിലെ ക്രമക്കേട് സംബന്ധിച്ച് തിരുവല്ല താലൂക്ക് ഓഫീസിൽ പത്തനംതിട്ട ജില്ലാ പരിശോധനാ സ്ക്വാഡ് നടത്തിയ പരിശോധന | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 51 | 2021 | കൃഷി വകുപ്പ്- ചിറക്കര റബ്ബർ ഉത്പാദക സംഘം | സ്കീമിന്റെ മുൻ പ്രസിഡൻറ് അനധികൃത പണപ്പിരിവ് നടത്തിയതായി കണ്ടെത്തി | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 52 | 2021 | വിദ്യാഭ്യാസ വകുപ്പ്- മരുത്തടി കന്നിമേൽ AVLP സ്കൂൾ | നൂൺമീൽ അക്കൗണ്ടിൽ നിന്നും 2008/-രൂപ അധികമായി പിൻവലിച്ചതായി കണ്ടെത്തി | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 53 | 2021 | തദ്ദേശ സ്വയം ഭരണ വകുപ്പ്- ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് | കോവിഡ് -19 മായി ബന്ധപ്പെട്ട ധനസഹായം, വ്യക്തികൾ അനർഹമായി കൈപ്പറ്റിയതായി കണ്ടെത്തി | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 54 | 2021 | ഐ.ടി വകുപ്പ്-അക്ഷയ കേന്ദ്രം | അക്ഷയ കേന്ദ്രങ്ങളുടെ സംരഭകത്വം സംബന്ധിച്ച കരാറുകളിൽ വീഴ്ചകൾ വരുത്തിയതായി കണ്ടെത്തി | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 55 | 2021-22 | കെ.ടി.ഡി.സി ആസ്ഥാന ഓഫീസ്, തിരുവനന്തപുരം | KTDC-യിലെ നിയമനത്തിലെ ക്രമക്കേട് സംബന്ധിച്ച് ശ്രീ. മനു ജോസഫ് സി.എം.ഒ പോർട്ടൽ മുഖേന സമർപ്പിച്ച പരാതി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 56 | 2021 | തദ്ദേശ സ്വയംഭരണ വകുപ്പ് - പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത്, പാലക്കാട്. | സാംസ്കാരിക നിലയത്തിന്റെ പഴയ കെട്ടിടത്തിൽ നവീകരണ പ്രവൃത്തികൾ നടത്തി ചുരുങ്ങിയ കാലത്തിനുള്ളിൽ കെട്ടിടം പൊളിച്ചുനീക്കി സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതായി കണ്ടെത്തി.<br><br>പി.ഡബ്ളിയു.ഡി മാന്വൽ 2012 ലെ സെക്ഷൻ 2113 ലെ വ്യവസ്ഥകൾ ലംഘിച്ച് പണിപൂർത്തിയാകുന്നതിന് മുമ്പ് പൂർത്തീകരണ സാക്ഷ്യപത്രം നൽകിയതുവഴി കരാറുകാരന് മുഴുവൻ തുകയും മാറിനൽകിയതായി കണ്ടെത്തി. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

അനുബന്ധം-2

# LAQ 4275

# 2022-23

| ക്രമ നം. | സാമ്പത്തിക വർഷം | പരിശോധന നടത്തിയ വകുപ്പ്/ സ്ഥാപനം. | കണ്ടെത്തിയ ക്രമക്കേടുകളുടെ സംക്ഷിപ്തം. | ക്രമക്കേട് നടത്തിയവർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം |
|---|---|---|---|---|
| 1 | 2022-23 | പൊതുമരാമത്ത് റോഡ്സ് വിഭാഗം ഡിവിഷൻ ഓഫീസ്,കോട്ടയം ,അനുബന്ധ ഓഫീസുകൾ | ഇല്ലിക്കൽ-കുഴിത്താർ റോഡിൽ നടത്തിയ അറ്റകുറ്റപ്പണികളുടെ DLP കാലയളവ് അവസാനിക്കുന്നതിന് മുമ്പ് തന്നെ അതേ റോഡിൽ അതേ ചെയിനേജിലും BM& BC പ്രവൃത്തികൾ നടപ്പിലാക്കിയത് വഴി 22,93,904/- രൂപ പാഴ്ച്ചെലവിലൂടെ സർക്കാരിന് നഷ്ടമുണ്ടായി. | കരാറുകാരന് തുക നൽകുവാൻ ബഹു. ഹൈക്കോടതി പൊതുമരാമത്ത് വകുപ്പിന് ഉത്തരവ് നൽകിയിട്ടുണ്ട് |
| 2 | 2022-23 | ലീഗൽ മെട്രോളജി കൺട്രോളറുടെ കാര്യാലയം | 1.1. LMOMS സോഫ്റ്റ് വെയറിന്റെ എല്ലാ മൊഡ്യൂളുകളുടേയും നിർമ്മാണത്തിലെ കാലതാമസം.<br>2. LMOMS സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനാവശ്യമായ 17,61,874/- രൂപ മുഴുവനായും ഒറ്റത്തവണയായി മുൻകൂറായി NIC -യ്ക്ക് 12/03/2024-ൽ കൈമാറി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| 3 | 2022-23 | കൃഷി വകുപ്പ്<br>കുമളി കൃഷി ഭവൻ | 2021-22 സാമ്പത്തിക വർഷം 13,02,635/- രൂപ പിൻവലിച്ചുവെങ്കിലും ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് പരിശോധന നടത്തിയ 2022 ജൂൺ മാസംവരെ ടി പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | ചെയ്തിട്ടില്ല. ടി പദ്ധതികളുടെ സ്റ്റോക്ക് രജിസ്റ്റർ, ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്ത വിതരണ രജിസ്റ്റർ, ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്തൃ വിഹിതമായി തുകകൾ ഈടാക്കിയതിന്റെ രസീത് ബുക്കുകകൾ എന്നിവ ഫയലിൽ ലഭ്യമല്ലായെന്നും കണ്ടെത്തി. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ഇടുക്കി-വയനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫലവൃക്ഷ വ്യാപനം എന്ന പ്രോജക്ടിൽ ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ നിന്നും കൃഷി അസിസ്റ്റന്റ് ഫീൽഡുതല പരിശോധന നടത്തി റിപ്പോർട്ട് നൽകാതെയും കൃഷി ഓഫീസർ അപേക്ഷ പാസ്സാക്കി നൽകാതെയും തുകകൾ അനുവദിച്ചതായി കണ്ടെത്തി. ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡ് നടത്തിയ ഫീൽഡുതല പരിശോധനയിൽ തൈകൾ നട്ടതായി അവകാശപ്പെട്ട് ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ തൈകൾ നട്ടിട്ടില്ലായെന്നും കണ്ടെത്തി. | |
| **4** | 2022-23 | വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ വാഹനം ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച് | റവന്യൂ, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, പിന്നാക്ക വിഭാഗ വികസന വകുപ്പ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ വാഹനം ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തി. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| **5** | 2022-23 | തദ്ദേശസ്വയം ഭരണ വകുപ്പ്<br>കുമാരമംഗലം ഗ്രാമപഞ്ചായത്ത് വാഹന ദുരുപയോഗം സംബന്ധിച്ച് | കുമാരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വാഹന ദുരുപയോഗം. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| **6** | 2022-23 | കൃഷി വകുപ്പ്<br>രാജക്കാട് കൃഷി ഭവൻ | രാജക്കാട് കൃഷി ഭവനിൽ ഉപയോഗിച്ച് വരുന്ന KL-38C-5772 ഹോണ്ട ആക്ടീവ സ്കൂട്ടർ ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്താതെ ഉപയോഗിക്കുന്നതായും, ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തുന്നില്ലായെന്നതും. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| **7** | 2022-23 | വ്യവസായ വകുപ്പ്<br>ഇടുക്കി ജില്ലയിലെ താലൂക്ക് വ്യവസായ ഓഫീസുകൾ | താലൂക്ക് വ്യവസായ വികസന ഓഫീസിലെ വ്യവസായ വികസന ഓഫീസർമാർ നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹാജരാകുന്നില്ല. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| **8** | 2022-23 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | മുൻ എം.ഡി ശ്രീ. അബ്ദുൾ ലത്തീഫ് സർക്കാർ അനുമതിയില്ലാതെ നടത്തിയ വിമാന യാത്രയും<br>Salary നൽകാനായി തയ്യാറാക്കിയ proceedings -ൽ ഉൾപ്പെടുത്തി VECOMCON Technologies എന്ന സ്ഥാപനത്തിന് Payment നൽകിയതും സംബന്ധിച്ച്. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| **9** | 2022-23 | മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തുടനീളമുള്ള വിവിധ ഓഫീസുകൾ | ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും പലിശയും ഉൾപ്പെടെയുള്ള ഉപയോഗ ശൂന്യമായ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുകകൾ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടത് സംബന്ധിച്ച്. | അന്തിമ നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |

| | | | | |
|---|---|---|---|---|
| **10** | 2022–23 | കൺസ്യൂമർഫെഡ്, എറണാകുളം | 2022 ലെ ഓണച്ചന്ത നടത്തിപ്പിലെ സബ്സിഡി തുക സംബന്ധിച്ച്. കൺസ്യൂമർഫെഡിൽ സഹകരണ ബാങ്ക് നടത്തിവരുന്ന ഓഡിറ്റ് 2017 വരെയേ പൂർത്തിയാക്കിയിട്ടുള്ളൂ. | അന്തിമ നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| **11** | 2022–23 | തുറമുഖ വകുപ്പിന്റെ കീഴിലുള്ള ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം ഓഫീസ് | സർവ്വേ ജോലികളിൽ പങ്കെടുക്കുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും മാർഗ്ഗ രേഖകളും പരിശീലനവും നൽകുന്നതോടൊപ്പം സർവ്വേയുടെ ചുമതലയുള്ള മറൈൻ സർവ്വേയർമാരുടെ നേരിട്ടുള്ള മേൽനോട്ടം നൽകേണ്ടതാണ്. കൂടുതൽ സാങ്കേതികമായ പരിശീലനം നടത്തുക. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| **12** | 2022–23 | ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം | ശ്രീമതി റൂബി ആർ–ന് ജലസേചന വകുപ്പിൽ അപ്പർ ഡിവിഷൻ ക്ലർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം നല്കിയത് ക്രമ വിരുദ്ധമാണെന്ന് കണ്ടെത്തിയതിന്റെ പശ്ചാത്തലത്തിൽ ജലസേചന വകുപ്പിലെ ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയറുടെ അധികാര പരിധിയ്ക്കുള്ളിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ സീനിയോറിറ്റി സംബന്ധിച്ച പരാതികളിൽമേലുള്ള പരിശോധന.. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| **13** | 2022–23 | സെന്റ് അലോഷ്യസ് കോളേജ്, എടത്വ | 1. പദ്ധതി നിർവ്വഹണത്തിന് ശേഷവും വിവിധ ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരിച്ചടക്കുന്നില്ല.<br>2. രണ്ടു നിലകളുള്ള ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരനെ ഒഴിവാക്കി മാനേജ്മെന്റ് നിർമ്മാണ പ്രവൃത്തികൾ കൈകാര്യം ചെയ്തു. | നടപടി റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| **14** | 2022–23 | റവന്യൂ വകുപ്പ് – താമരശ്ശേരി താലൂക്ക് ഓഫീസ് | തഹസിൽദാർമാർ അധികാര ദുർവിനിയോഗം നടത്തി അനധികൃത ധാതുകടത്ത് വാഹനങ്ങൾ വിട്ടുനൽകുകവഴി സർക്കാരിന് റവന്യൂ നഷ്ടമുണ്ടായി. | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 15 | 2022–23 | ജലവിഭവ വകുപ്പ് – കൊയിലാണ്ടി പി.എച്ച് | കൊയിലാണ്ടി പി.എച്ച് സെക്ഷനിൽ കുടിവെള്ള കണക്ഷനുവേണ്ടി അപേക്ഷകരുടെ സീനിയോറിറ്റി മറികടന്ന് കണക്ഷൻ നൽകിയതായി | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| | | സെക്ഷൻ | കണ്ടെത്തി. | ലഭ്യമാക്കിയിട്ടില്ല. |
| 16 | 2022-23 | ഭക്ഷ്യ പൊതു വിതരണ വകുപ്പ് - കോഴിക്കോട് ഭക്ഷ്യ സുരക്ഷ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം | ഭക്ഷ്യ സുരക്ഷയെ സംബന്ധിച്ച് ഒരേ സമയം വിവിധ സ്കൂളുകളിൽ ക്ളാസെടുത്തതായി കാണിച്ച് ഡയറ്റീഷ്യൻ ശ്രീമതി. റെജിന കെ.-ക്ക് തുക അനുവദിച്ചത്. | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 17 | 2022-23 | 1. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് - പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റ്<br><br>2. വ്യവസായ വകുപ്പ് - കേരള സംസ്ഥാന കൈത്തറി നെയ്ത്ത് സഹകരണ സംഘം (ഹാന്റക്സ്), തിരുവനന്തപുരം | 2020 ൽ സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ പട്ടിക വർഗ്ഗ വിഭാഗത്തിന്റെ സ്ത്രീ-പുരുഷൻമാർക്ക് ഓണക്കോടി വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച 6,03,45,180/- രൂപയുടെ വിനിയോഗവുമായി ബന്ധപ്പെട്ട ക്രമക്കേട്. | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 18 | 2022-23 | ഉന്നതവിദ്യാഭ്യാസ വകുപ്പ് - കേരളത്തിലെ വിവിധ സർവകലാശാലകൾ | ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ പ്രോ-വൈസ് ചാൻസിലറായ ഡോ. കെ.എസ്. രവികുമാറിന് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 7591/- രൂപ ക്ഷാമബത്ത അനുവദിച്ച് നൽകിയത്. | പ്രസ്തുത തുക തിരിച്ചടച്ചതായി ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവകലാശാല അറിയിച്ചിട്ടുണ്ട്. |
| 19 | 2022-23 | ആരോഗ്യ വകുപ്പ് - കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമി. (കെ.എം.എസ്.സി.എൽ), തിരുവനന്തപുരം | കുറഞ്ഞ നിരക്കിൽ Enoxaparin എന്ന മരുന്ന് വിതരണം ചെയ്യാൻ വിതരണകമ്പനി തയ്യാറാണെന്നറിയിച്ചിട്ടും മറ്റൊരു കമ്പനിക്ക് ഉയർന്ന നിരക്കിലുള്ള പർച്ചേസ് ഓർഡർ നൽകി സർക്കാരിന് 88,88,030/- രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കി.<br><br>നൊഗോസിയേഷൻ മീറ്റിംഗിന് ശേഷം നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച കമ്പനി തീരുമാനം വരുന്നതിന് മുൻപായി പർച്ചേസ് ഓർഡർ അനുസരിച്ച് കമ്പനിക്ക് ഉയർന്ന നിരക്ക് അനുവദിച്ച് നൽകിയതുമൂലം 7,00,606/- രൂപയുടെ നഷ്ടം വരുത്തി. | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 20 | 2022-23 | കോഴിക്കോട് സിവിൽ സ്റ്റേഷനിലെ വിവിധ ഓഫീസുകൾ - കുടുംബശ്രീ ജില്ലാമിഷൻ, ജില്ലാനിർമ്മിതി കേന്ദ്രം, ജില്ലാ ഹരിത കേരള | വാടകയ്ക്കെടുത്ത ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തു. ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്താതെ യാത്രകൾ നടത്തി | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| | | മിഷൻ, സമഗ്ര ശിക്ഷാ കേരളം പ്രോജക്റ്റ് ഓഫീസ്, ഡെപ്യൂട്ടി കളക്ടറുടെ (RR) ഓഫീസ്, സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറുടെ (LANH) ഓഫീസ്, ജില്ലാ പ്ലാനിംഗ് ഓഫീസ് എന്നിവിടങ്ങളിലെ വാഹന പരിശോധന. | | ലഭ്യമാക്കിയിട്ടില്ല. |
| 21 | 2022–23 | വിദ്യാഭ്യാസ വകുപ്പ് – ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, പട്ടാമ്പി, പാലക്കാട്. | വെക്കേഷൻ കാലയളവ് ഒഴിവാക്കി പ്രസവാവധി എടുത്തതുമായി ബന്ധപ്പെട്ട 60 കേസുകൾ. | ഭരണവകുപ്പ് നടപടി സ്വീകരിച്ച് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 22 | 2022–2023 | സിവിൽ സപ്ലൈസ് വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന 75 താലൂക്ക് സപ്ലൈ ഓഫീസുകൾ | ട്രഷറിയിൽ അടയ്ക്കേണ്ട തുക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.<br>റേഷൻ വ്യാപാരികളിൽ നിന്നുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കുന്നില്ല.<br>വാഹനത്തിന്റെ ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 23 | 2022–2023 | കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡ്, പത്തനംതിട്ട | സാന്ത്വന പെൻഷൻ ഇനത്തിൽ ശ്രീമതി ഓമന പുരുഷോത്തമന്റെ ആശ്രിതരായ ശ്രീമതി.രേവതി ഇ.പിയ്ക്ക് അധികമായി 34,672/- രൂപ നൽകി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 24 | 2022–2023 | കേരള ജയിൽ ആസ്ഥാനം | ജയിൽ ആസ്ഥാന കാര്യാലയത്തിലെ ചില ജീവനക്കാർ ക്വാർട്ടേഴ്സ് ഉപയോഗിക്കുമ്പോൾ അടിസ്ഥാന ശമ്പളത്തിന്റെ 2%റെന്റ് തുകയായി സർക്കാരിലേക്ക് ഒടുക്കുന്നില്ല. | ഭരണ വകുപ്പ് ധനകാര്യ വകുപ്പിന്റെ ശിപാർശയിൽ കൂടുതൽ വ്യക്തത ആവശ്യപ്പെട്ടു. |
| 25 | 2022–2023 | കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്, കാസറഗോഡ് ജില്ല. | വനിതാ തൊഴിൽ അപ്പാരൽ പാർക്കിന്റെ നിർമ്മാണത്തിലെ കാലതാമസം | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 26 | 2022–2023 | മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്, കാസറഗോഡ് ജില്ല | വനിതാ ഹോസ്റ്റൽ നിർമ്മിച്ചത് വ്യക്തമായ പ്ലാനിംഗ് ഇല്ലാതെയും, ജനവാസം തീരെയില്ലാത്ത സ്ഥലത്താണ്. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 27 | 2022–2023 | പരപ്പ ബ്ലോക്ക് പഞ്ചായത്ത്, കാസറഗോഡ് ജില്ല. | കാർഷിക മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ കേന്ദ്രം (വനിത) ഒഴിഞ്ഞ് കിടക്കുന്നതായും, പദ്ധതിയുടെ സംഭരണമോ, വിപണനമോ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണമോ നടക്കുന്നില്ല. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 28 | 2022-2023 | ചാല സബ് രജിസ്ട്രാർ ഓഫീസ്, തിരുവനന്തപുരം | സബ് രജിസ്ട്രാർ ശ്രീമതി.ബെസ്സി തോമസിനെ 16.04.2022-ൽ കോവിഡ് ഡ്യൂട്ടിയിൽ നിന്നും വിടുതൽ ചെയ്തിട്ടും 18.04.2022-ൽ തിരികെ ജോലിയിൽ പ്രവേശിക്കാതെ കോവിഡ് ഡ്യൂട്ടിയിൽ ആണെന്ന് തെറ്റിദ്ധരിപ്പിച്ചു. ഹാജർ പുസ്തകം, ക്യാഷ് ബുക്ക് എന്നിവ നിയമ പ്രകാരം പരിപാലിക്കുന്നില്ല. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 29 | 2022-2023 | ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം | 10-ാം ശമ്പള പരിഷ്കരണത്തെ തുടർന്ന് ശമ്പള കുടിശ്ശികയിനത്തിൽ 50 ജീവനക്കാർക്ക് അധികമായി 33,16,456/- രൂപ നൽകി.<br><br>ശമ്പള പരിഷ്കരണ കുടിശ്ശിക തെറ്റായി കണക്കാക്കിയതിലൂടെ കുടിശ്ശികത്തുകയിൽ രണ്ട് ജിവനക്കാർക്ക് 16,692/- രൂപയുടെ കുറവുണ്ടായി. | ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
